# ക്രിസ്ത്യൻ വേൾഡ്

2017 ജൂൺ 1 | വാല്യം 12 | ലക്കം 6 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2015-2017 | പേജ് 8

# മരിക്കേണ്ടിവന്നാലും ക്രിസ്തുവിനെ പ്രഘോഷിക്കും

## ഉത്തരകൊറിയയെ സുവിശേഷവത്ക്കരിക്കാൻ ചൈനീസ് മിഷണറിമാർ തയ്യാറെടുക്കുന്നു

ബെയ്ജിംഗ്: ക്രിസ്തുവിനെപ്രതി ജീവൻ ത്യജിക്കേണ്ടിവന്നാലും ഉത്തരകൊറിയയിൽ സുവിശേഷപ്രഘോഷണം നടത്തും എന്ന തീരുമാനവുമായി ചൈനയിലെ മിഷണറിമാർ. ചൈനയിൽ സുവിശേഷ പ്രഘോഷണം നടത്തിയതിന്റെ പേരിൽ നിരവധി പീഡനങ്ങൾ ഏറ്റുവാങ്ങിയ അനുഭവസമ്പത്തുള്ള സുവിശേഷപ്രവർത്തകർ ചേർന്നാണ് ഉത്തരകൊറിയയിലേക്ക് സുവിശേഷവുമായി പോകുവാൻ മിഷനറിമാർക്ക് തീവ്രപരിശീലനം നല്കുന്നത്. മേഖലയിലെ വിവിധ വെല്ലുവിളികളെക്കുറിച്ചും, തങ്ങളുടെ പദ്ധതിയുടെ വിവരങ്ങളെക്കുറിച്ചും പേരു വെളിപ്പെടുത്താത്ത സുവിശേഷപ്രവർത്തകർ 'ചൈന എയ്ഡ്' എന്ന സംഘടനയോട് പങ്കുവച്ചു.



ചൈനീസ് ഭാഷയിലുള്ള ബൈബിൾ വിതരണത്തിനായി പായ്ക്കു ചെയ്യുന്നു.

ഉത്തരകൊറിയക്കാരായ നിരവധിപേർ ചൈനയിൽ താമസിക്കുന്നുണ്ട്. അതിർത്തിയിലൂടെ ഒഴുകുന്ന ട്യൂമെൻ നദിയിലൂടെ അപകടകരമായ യാത്ര നടത്തിയാണ് ഇവർ ചൈനയിലേക്ക് അനധികൃതമായി കടക്കുന്നത്. തങ്ങളുടെ രാജ്യത്ത് നേരിടുന്ന വിവിധ പ്രശ്നങ്ങളെ തുടർന്നാണ് ഇത്തരത്തിൽ ഉത്തരകൊറിയക്കാർ ചൈനയിലേക്ക് കടക്കുന്നത്. ഈ മേഖലയിൽ മനുഷ്യകടത്ത് ഏറെ സജീവമാണ്.

ഉത്തരകൊറിയയിൽ നിന്നും എത്തുന്ന ചെറിയ ഒരു വിഭാഗം സ്ത്രീകൾ ചൈനയിലെ പുരുഷന്മാരെ വിവാഹം ചെയ്ത് രാജ്യത്ത് സ്ഥിരതാമസമാക്കുന്നു. എന്നാൽ പുരുഷന്മാരിൽ പലരും തിരികെ സ്വന്തം രാജ്യമായ ഉത്തരകൊറിയയിലേക്കുതന്നെ മടങ്ങുകയാണ്. ഇവരുടെ ഇടയിലേക്ക് സുവിശേഷം എത്തിക്കുവാൻ മിഷൻ പ്രവർത്തകർ തീവ്രശ്രമങ്ങൾ നടത്തി. ഭാഷാ

(ശേഷം പേജ് 6)

# പ്രവാസികളുടെ സ്വന്തം ടൊയോട്ട സണ്ണിക്ക് വിട



**കുമ്പനാട്:** കുവൈറ്റിലെ ഇറാക്ക് ആക്രമണ കാലത്ത് ഇന്ത്യാക്കാരെ നാട്ടിലെത്തിക്കാൻ നേതൃത്വം നൽകിയവരിൽ ശ്രദ്ധേയനും വ്യവസായ പ്രമുഖനുമായ മാത്തുണ്ണി മാത്യൂസ് (ടൊയോട്ട സണ്ണി-81) മെയ് 20 നു കുവൈറ്റിൽ നിര്യാതനായി. അസുഖത്തെ തുടർന്ന് അവിടെ ചികിത്സയിൽ കഴിയുകയായിരുന്നു. കുമ്പനാട് അടപ്പനാംകണ്ടത്തിൽ കുടുംബാംഗമാണ്.

നാട്ടിലെത്തിച്ച മൃതദേഹം 26 നു രാവിലെ 8 മുതൽ 9 വരെ കുമ്പനാട് ഫെലോഷിപ്പ് ഹോസ്പിറ്റലിൽ പൊതുദർശനത്തിനു വെച്ചു. മാർത്തോമാ മെത്രാപ്പൊലീത്ത ഡോ. ജോസഫ് മാർ ഐറേനിയസ് പ്രാർഥനയ്ക്കു നേതൃത്വം നൽകി. മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, രാജ്യസഭാ ഉപാധ്യക്ഷൻ പി.ജെ. കുര്യൻ, മന്ത്രിമാരായ മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി, എം.പി.: ആന്റോ ആന്റണി, എംഎൽഎമാരായ രാജു ഏബ്രഹാം, തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങിയവരും മാർത്തോമാ വലിയ മെത്രാപ്പൊലീത്ത ഡോ. ഫിലിപ്പൊസ് മാർ ക്രിസോസ്റ്റം തുടങ്ങിയ ആത്മീയ നേതാക്കളും ഭവനത്തിലെത്തി അന്ത്യാജ്ഞലികൾ അർപ്പിച്ചു. കേരളാ പൊലീസ് ഗാർഡ് ഓഫ് ഓർണർ നൽകി. കുമ്പനാട് ഐപിസി എലീം സഭയുടെ ചുമതലയിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ ജെയിംസ് വർഗീസ് നേതൃത്വം നൽകി. പാസ്റ്റർമാരായ കെ.സി. ജോൺ, രാജു പൂവക്കാല, എം.എ. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. സെമിത്തേരിയിൽ പാസ്റ്റർ കെ.സി. തോമസിന്റെ നേതൃത്വത്തിൽ സംസ്കാരശുശ്രൂഷ നടന്നു.

ഭാര്യ: മേരി മാത്യു. മക്കൾ: ജെയിംസ്, ആനി, സൂസൻ (യുഎൻ മനുഷ്യാവകാശ കമ്മീഷൻ അഭിഭാഷക, ജനീവ). മരുമക്കൾ: റീബ, സുകിത് ഭട്ടാചാര്യ.

1990 ലെ യുദ്ധകാലത്തു ഗവണ്മെന്റ് ഉദ്യോഗസ്ഥർ നിസ്സഹായരായി നിന്നപ്പോൾ കുവൈറ്റിൽ നിന്ന് ഇന്ത്യയിലേക്കു മടങ്ങാനാഗ്രഹിച്ച എല്ലാവരെയും അദ്ദേഹം സുരക്ഷിതരായി നാട്ടിലെത്തിച്ചു. യുഎന്നിന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെയായിരുന്നു അദ്ദേഹം ആ ദൗത്യം പൂർത്തിയാക്കിയത്. ജബ്രിയ ഇന്ത്യൻ സ്കൂൾ ചെയർമാനായ അദ്ദേഹം, കുവൈറ്റ് ഇന്ത്യൻ ആർട്ട്സർക്കിളിന്റെ സ്ഥാപകരിൽ പ്രമുഖനും ഇന്ത്യൻ ബിസിനസ് കൗൺസിൽ ചെയർമാനുമായിരുന്നു. ഐപിസി പിസികെ സഭാംഗമായിരുന്നു.



# കേരള ക്രിസ്ത്യൻ അസംബ്ലി രജത ജൂബിലി ആഘോഷിക്കുന്നു

കാനഡ: കാനഡയിലെ ഏറ്റവും വലിയ മലയാളി പെന്തക്കോസ്ത് സഭകളിലൊന്നായ കേരള ക്രിസ്ത്യൻ അസംബ്ലി രജതജൂബിലി വർഷത്തിലേക്ക് പ്രവേശിച്ചു. കേരളത്തിൽ നിന്നും കാനഡയിൽ എത്തിച്ചേർന്ന മലയാളി പെന്തെക്കോസ്ത് വിശ്വാസികളായ ചുരുക്കം ചിലർ 1992 ൽ ടൊറന്റോ ഒൻറാരിയോയിൽ ആരംഭിച്ച ദൈവസഭ, വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ പെന്തെക്കോസ്തു വിശ്വാസികൾക്ക് അനുഗ്രഹകമായി നിലകൊള്ളുന്നു.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബ്രദർ ടോം വർഗീസ് ചെയർമാനായുള്ള ജൂബിലി കമ്മറ്റിയെ തിരഞ്ഞെടുത്തു. ചെറിയാൻ ഉണ്ണൂണ്ണി (ഡയറക്ടർ ചാരിറ്റി & വെൽഫയർ), ഏലിയാസ് പീറ്റർ (ഫിനാൻസ് ഡയറക്ടർ), എബി കരിങ്കുറ്റിയിൽ (ഡയറക്ടർ മീഡിയ & മാർക്കറ്റിംഗ്), ഷൈല തോമസ് (കമ്യൂണിക്കേഷൻ ഈവന്റ്സ് ഡയറക്ടർ), ഉഷ തോമസ് (അഡ്മിനിസ്ട്രേഷൻ & ലേഡീസ് കോർഡിനേറ്റർ), ഉഷ സാം തോമസ് (പബ്ലിക് റിലേഷൻസ് & സ്കോളർഷിപ്പ്), ഡാൻ തോമസ് (യൂത്ത് കോർഡിനേറ്റർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ. റവ. ഡോ. ടി.പി. വർഗീസ് സഭയുടെ സിനീയർ ശുശ്രുഷകനായും, റവ. ജെറിൻ തോമസ് യൂത്ത് പാസ്റ്ററായും പ്രവർത്തിക്കുന്നു.

ജൂൺ 10 മുതൽ നവംബർ 25 വരെ ഇരുപത്തഞ്ച് ആഴ്ചകൾ നീണ്ടുനിൽക്കുന്ന ജൂബിലി വർഷത്തിൽ വിത്യസ്തമായ വിവിധ പരിപാടികളും, ആത്മീയ ജീവകാരുണ്യപ്രവർത്തനപദ്ധതികളും നടത്തുവാൻ തീരുമാനമായതായി ചെയർമാൻ ടോം വർഗീസ് അറിയിച്ചു.

*വാർത്ത: നിബു വെള്ളവന്താനം*

# ഐപിസി സ്റ്റേറ്റ് കൺവൻഷൻ അക്ഷരനഗരിയായ കോട്ടയത്ത്

## ഐപിസി ആറാമത് സംസ്ഥാന കൺവൻഷൻ ഡിസംബർ 5 ചൊവ്വാഴ്ച മുതൽ 10 ഞായർ വരെ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നടക്കും.

**സജി മത്തായി കാതേട്ട്**
**(മീഡിയാ ചെയർമാൻ)**

**കുമ്പനാട്:** ഐപിസി ആറാമത് സംസ്ഥാന കൺവൻഷൻ ഡിസംബർ 5 -10 വരെ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നടക്കും. ഉപവാസപ്രാർഥന, വിളംബരജാഥ, യുവസമ്മേളനം, സോദരിസമ്മേളനം, മാധ്യമ പ്രവർത്തകരുടെ സംഗമം, ശുശ്രൂഷകരുടെ സമ്മേളനം, സണ്ടേ സ്കൂൾ ടീച്ചേഴ്സ് മീറ്റ്, ജാഗരണ പ്രർഥന എന്നിവ നടക്കും. കോട്ടയം ഐപിസി ടാബർനാക്കിളിൽ സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി പ്രസംഗിച്ചു. പാസ്റ്റർമാരായ രാജു പൂവക്കാല, സി.സി. ഏബ്രഹാം, ബ്രദർ ജോയി താനവേലിൽ, ഗ്ലാഡ്സൺ ജേക്കബ് എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി. ഭാരവാഹികളായി പാസ്റ്റർമാരായ കെ.സി. തോമസ് (ജനറൽ കൺവീനർ) കെ.ഇ. തോമസ്, സണ്ണി ജോർജ്, സഹോദരന്മാരായ ഗ്ലാഡ്സൺ ജേക്കബ്, കുര്യൻ ജോസഫ് (ജനറൽ ജോയിന്റ് കൺവീനർമാർ), പാസ്റ്റർമാരായ പി.എ. മാത്യു, തോമസ് മാത്യു ചാരുവേലി, രാജു ആനിക്കാട്, വർഗീസ് മാത്യു (ജനറൽ കോർഡിനേറ്റർമാർ), പാസ്റ്റർമാരായ മാത്യു ഡേവിഡ്, സുരേഷ് കീഴൂർ, സുനിൽ വേട്ടമല, ടി.സി. കോശി, എം.വി.തോമസ് (ജന.ജോയിന്റ് കോർഡിനേറ്റർമാർ) എന്നിവരെ തിരഞ്ഞെടുത്തു.

**വിവിധ സബ്കമ്മറ്റികളുടെ വിവരം ചുവടെ ചേർക്കുന്നു:**

**പ്രാർഥന:** പാസ്റ്റർമാരായ സുധീർ വർഗീസ് (ചെയർമാൻ) വി.സി. മാത്യു (വൈസ് ചെയർമാൻ) കെ.ജെ. മാത്യു തരകൻ (കൺവീനർ) വി.വി. ജോസഫ്, കെ.യു. ജോൺ (ജോയിന്റ് കൺവീനർമാർ).

**മ്യൂസിക്:** പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ (ചെയർമാൻ), കെ.ടി.ജോഷ്വാ (വൈസ് ചെയർമാൻ), കുര്യൻ ജോസഫ് (കൺവീനർ), ഷാജൻ പാറക്കടവിൽ, പാസ്റ്റർ ജോമോൻ മാത്യു (ജോ. കൺവീനർമാർ).

**രജിസ്ട്രേഷൻ:** പാസ്റ്റർ ബെൻസൺ തോമസ് (ചെയർമാൻ), ജോസ് ജോൺ കായംകുളം (വൈസ് ചെയർമാൻ) ജോൺ ഫിലിപ്പ് (കൺവീനർ), പാസ്റ്റർമാരായ ജിനു മാത്യു, സി.സി. ജോണി (ജോ. കൺവീനർമാർ).

**പന്തൽ:** രാജു മാത്യു ഗുഡ്ന്യൂസ് (ചെയർമാൻ), ജി.സാബു എറണാകുളം (വൈസ് ചെയർമാൻ),

(ശേഷം പേജ് 6)

ക്രിസ്ത്യൻ വേൾഡ്
1192 ഇടവം - മിഥുനം



## വളർച്ചയുടെ വർണ്ണക്കുട

മനുഷ്യനിൽ പരസ്പര വൈരുധ്യമുള്ള രണ്ട് കാര്യങ്ങൾ ഒരേ സമയത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു. വളർച്ചയും ശോഷണവും. ഇവയ്ക്കു ഒരു കാലത്തും സ്ഥിരാവസ്ഥയിൽ തുടരാനാകില്ല. ശാരീരികവും മാനസികവുമായ വ്യതിയാനങ്ങളാണ് ഇതിൽ പ്രധാനം. വളർച്ചയിൽ ചില സന്ദർഭങ്ങളിൽ നേർരേഖ ദൃശ്യമാണെങ്കിലും എല്ലാ ഘട്ടത്തിലും ഇത് പ്രതീക്ഷിക്കുവാൻ കഴിയില്ല. നിരവധി ഘടകങ്ങളുടെ സമ്മേളന ഫലമായാണ് വളർച്ച സാധ്യമാകുന്നത്. മാത്രമല്ല, ജീവിതം ഓരോ ഘട്ടത്തിലും അനിവാര്യമായ മാറ്റങ്ങൾക്ക് വിധേയപ്പെട്ടുകൊണ്ടിരിക്കും.

ജനനം, വളർച്ച, വികാസം, പക്വത, പതനം എന്നീ ഘട്ടങ്ങളിലൂടെയാണ് എല്ലാ ജീവജാലങ്ങളും കടന്നു പോകുന്നത്. പരിലാളനം ലഭിക്കുന്ന ബാല്യകാലം, ആവേശം തുടിക്കുന്ന കൗമാരം, പാകതയുള്ള പെരുമാറ്റങ്ങളിലൂടെ ചലിക്കുന്ന യൗവ്വനം, ഉത്തരവാദിത്വങ്ങളാൽ സമൃദ്ധമായ മദ്ധ്യ വയസ്സ്, നിസ്സംഗതയുടെ രണ്ടാം ബാല്യകാലമായ വാർദ്ധക്യം. ജനനത്തിനു മുൻപുള്ള വളർച്ച ഏറെക്കുറെ ജൈവീകമാണ്. എന്നാൽ അതിനു ശേഷമുള്ള വളർച്ച താൻ വളരുന്ന പശ്ചാത്തലം ആശ്രയിച്ചാണ് നടക്കുന്നത്. മനുഷ്യനും തന്റെ ചുറ്റുപാടും തമ്മിൽ നടക്കുന്ന അന്യോന്യ പ്രതിപ്രവർത്തനത്തിലൂടെയാണ് ഈ വളർച്ച സാധ്യമാകുന്നത്. ഒരു വ്യക്തി തന്റെ ചുറ്റുപാടുകളോട് പ്രതികരിക്കുമ്പോൾ ലഭ്യമാകുന്ന അറിവുകളാണ് അവന്റെ അനുഭവങ്ങളായി മാറുന്നത്. ലാളിത്യത്തിൽ നിന്നും സങ്കീർണ്ണതയിലേക്കുള്ള ഒരു പ്രമാണമാണിത്. ഇത് തന്റെ സാഹചര്യങ്ങളുമായി മികച്ച സംയോജനം സാദ്ധ്യമാക്കുവാൻ വ്യക്തിയെ പ്രാപ്തരാക്കുന്നു.

മനുഷ്യനിലെ ശാരീരിക വളർച്ച ഒരു നിശ്ചിത കാലഘട്ടം വരെയാണ് നടക്കുന്നത്. കൗമാരത്തിന്റെ അന്ത്യം വരെ. എന്നാൽ ആത്മികവും സാമൂഹികവുമായ വളർച്ചയും വികാസവും ജീവിതാന്ത്യം വരെ നടന്നുകൊണ്ടിരിക്കും. ആകയാൽ വ്യക്തിയിലെ ആത്മിക വളർച്ച ഒരു അനസ്യൂത പ്രക്രിയയാണ്.

ഏതൊരു ജീവിയിലും ആദ്യം വളർച്ച പ്രാപിക്കുന്നത് തലയാണ്. ശിരസ്സ് ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവമാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ജനനസമയത്ത് നാലിൽ ഒരു ഭാഗം തലയാണ്. ദൈവസഭയ്ക്ക് ക്രിസ്തുവിന്റെ ശരീരമെന്ന അപരനാമമുണ്ട്. അഥവാ സഭ ക്രിസ്തുവിന്റെ ശരീരമാണ്. ക്രിസ്തേശുവാണ് സഭയുടെ തല.

ശരീരമായ സഭയ്ക്ക് ക്രിസ്തുവിനോടും ശിരസ്സായ ക്രിസ്തുവിലൂടെ വിശ്വാസികൾക്കു പരസ്പരവുമുള്ള ഗാഢമായ ബന്ധമാണ് ഈ പ്രതിബിംബത്തിലൂടെ പ്രത്യക്ഷമാകുന്നത്. ക്രിസ്തുവും സഭയും തമ്മിലുള്ള സജീവ ഐക്യവും ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ (എഫെ. 4:15) സാദ്ധ്യമായ അനുകൂല ഘടകങ്ങളാണ് ഈ സജീവ ബന്ധത്തിലൂടെ ലഭ്യമായിട്ടുള്ളത്. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നുവെന്നും (എഫെ 5:23), ക്രിസ്തുവിൽ നിന്നും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവീകമായ വളർച്ച പ്രാപിക്കുന്നുവെന്നും (കൊലൊ 2:15) അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കുന്നു.

കർത്താവായ യേശുവിലൂടെയാണ് വ്യക്തികൾക്ക് ദൈവീക വളർച്ച പ്രാപ്യമാകുന്നത്. സമ്പൂർണ്ണനായ ക്രിസ്തുവോളം വളരുവാനുള്ള വെല്ലുവിളിയാണ് സഭ ഏറ്റെടുക്കേണ്ടത്. ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത് യേശുക്രിസ്തുവിലാണ് (കൊലൊ. 2:9). എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ (ക്രിസ്തുവിൽ) നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു (കൊലൊ 2:10) എന്നതാണ് വിവക്ഷ.

വ്യക്തിപരമായി ആത്മീയ വളർച്ച അത്യന്താപേക്ഷിതമാണെന്ന് സാരം. വ്യക്തികൾ ആത്മീയ വളർച്ച പ്രാപിക്കുമ്പോൾ, ആ വളർച്ച അവർ ഉൾപ്പെടുന്ന സഭയെയും സമൂഹത്തെയും ആഴത്തിൽ സ്വാധീനിക്കും. വളർച്ചയുടെ സമഗ്രഭാവവും രൂപവുമായ കർത്താവായ യേശുക്രിസ്തു എന്ന വർണ്ണക്കുട ചൂടാം. സഭാവളർച്ചയുടെ പുതിയ തീരങ്ങളിലേക്ക് ഗമിക്കാം.

പാസ്റ്റർ ഡി. കുഞ്ഞുമോൻ

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം എഴുത്തുകാർക്കു മാത്രമാണ്.

# ദൈവം വെറുക്കുന്ന തിന്മ



റവ. ജോർജ് മാത്യു പുതുപ്പള്ളി

സർവശക്തനായ ദൈവം ഏറ്റവും വെറുക്കുന്ന പാപമാണ് വിഗ്രഹാരാധന. ബൈബിൾ ആദിയോടന്തം പരിശോധിച്ചാൽ ഇക്കാര്യം സത്യമാണെന്നു ബോധ്യമാകും. ദൈവസൃഷ്ടിയുടെ മണിമകുടമായ മനുഷ്യനു ദൈവം കൊടുത്ത പത്തു കല്പനകളിൽ പ്രധാനപ്പെട്ട ഒന്ന് വിഗ്രഹാരാധനയ്ക്ക് എതിരായ പ്രഖ്യാപനമായിരുന്നു. “ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്. ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗത്തിലെങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ അരുത്” (പുറ. 20:3,4). അപ്പൊസ്തലപ്രമുഖനായ പത്രൊസിനെ കണ്ടപ്പോൾ ആരാധനാമനോഭാവത്തോടെ ശതാധിപനായ കൊർന്നല്യൊസ് കാൽക്കൽവീണു. പത്രൊസ് കൊർന്നല്യൊസിനെ പിടിച്ചെഴുന്നേൽപിച്ചിട്ട് പറയുന്നു: “കൊർന്നല്യൊസേ അരുത്. ഞാനും ഒരു മനുഷ്യനത്രേ, ദൈവത്തെ നമസ്കരിക്ക” (അപ്പൊ. 10:25). സ്വർഗീയ ദർശനങ്ങൾ കാണിച്ചുതന്ന തേജോമയനായ ദൂതന്റെ കാൽക്കൽവീണ് നമസ്കരിക്കാൻ യോഹന്നാൻ ഒരുങ്ങുമ്പോൾ തടഞ്ഞുകൊണ്ട് ദൂതൻ പറയുന്നു: “യോഹന്നനേ അരുത്. എന്നെ നമസ്കരിക്കരുത്, ഞാൻ നിന്റെയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടെയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രേ. ദൈവത്തെ നമസ്കരിക്ക” (വെളി. 22: 9).

ദൈവത്തിന്റെ മഹത്ത്വം പരോക്ഷമായെങ്കിലും ഏറ്റെടുക്കാൻ ശ്രമിച്ച ഹെരോദാവിനു ലഭിച്ച ഭയാനകമായ ശിക്ഷയെക്കുറിച്ചും ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. “അവൻ ദൈവത്തിനു മഹത്ത്വംകൊടുക്കായ്കയാൽ കർത്താവിന്റെ ദൂതൻ അവനെ അടിച്ചു. അവൻ കൃമിക്ക് ഇരയായി പ്രാണനെ വിട്ടു” (അപ്പൊ.12:23).



**മനുഷ്യരുടെ കൈ ചുംബിക്കുന്നതും കാലിൽതൊട്ടു നമസ്കരിക്കുന്നതും ഭൂമിയെ ചുംബിക്കുന്നതുമൊക്കെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിഗ്രഹാരാധന തന്നെയാണ്.**

ആരാധനയ്ക്കും മഹത്ത്വത്തിനും അർഹൻ പിതൃപുത്രപരിശുദ്ധാത്മാവായ ദൈവം മാത്രമാണെന്നു ബൈബിൾ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. സങ്കീർത്തനക്കാരൻ ആഹ്വാനംചെയ്യുന്നത്: “വരുവിൻ, വണങ്ങി നമസ്കരിക്ക, നമ്മെ നിർമിച്ച യഹോവയുടെ മുൻപിൽ മുട്ടുകുത്തുക” (95:6) എന്നത്രേ. കർത്താവിന്റെ പക്കലേക്കു കടന്നുവന്ന കുഷ്ഠരോഗിയെക്കുറിച്ചു വിശുദ്ധരായ മത്തായിയും മർക്കൊസും ലൂക്കൊസും രേഖപ്പെടുത്തുന്നത് വലിയൊരു ആത്മീയ മർമമാണ്. മത്തായി എഴുതുന്നു: “അപ്പോൾ കുഷ്ഠരോഗി വന്ന് യേശുവിനെ നമസ്കരിച്ചു” (8:2); മർക്കൊസ് പ്രസ്താവിക്കുന്നത്: “ഒരു കുഷ്ഠരോഗി യേശുവിന്റെ അടുക്കൽ വന്ന് മുട്ടുകുത്തി” (1:40); ലൂക്കൊസ് രേഖപ്പെടുത്തുന്നതാകട്ടെ: “കുഷ്ഠംനിറഞ്ഞ ഒരു മനുഷ്യൻ യേശുവിനെ കണ്ട് കവിണ്ണുവീണു” (5:12) എന്നാണ്. ആരാധനയുടെ മൂന്നുപടികളാണ് നമസ്കരിക്കുന്നതും മുട്ടുകുത്തുന്നതും കവിണ്ണുവീഴുന്നതും. ഇതു ചെയ്യാൻ നമുക്ക് ഒരു ദൈവമേയുള്ളൂ. അതാണ് കർത്താവായ യേശുക്രിസ്തു. മറ്റാരുടെയെങ്കിലും മുൻപാകെ ഈ രീതി നാം പ്രകടിപ്പിച്ചാൽ അതിനെ ബൈബിൾ വിളിക്കുക, വിഗ്രഹാരാധന എന്നാണ്. മനുഷ്യരുടെ കൈ ചുംബിക്കുന്നതും കാലിൽതൊട്ടു നമസ്കരിക്കുന്നതും ഭൂമിയെ ചുംബിക്കുന്നതുമൊക്കെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ വിഗ്രഹാരാധന തന്നെയാണ്. വിഗ്രഹാരാധന തെറ്റാണെന്നറിഞ്ഞിട്ടും അതു പിൻതുടരുന്ന സമൂഹത്തിനു ലഭിച്ച ദുരന്തത്തെക്കുറിച്ചു റോമാ ലേഖനത്തിൽ നാം വായിക്കുന്നു (1: 22–27). ബെരോവയിലെ ദൈവജനം നമുക്കൊരു മാതൃയാകട്ടെ. “അവർ വചനം ജാഗ്രതയോടെ കൈക്കൊള്ളുകയും തിരുവെഴുത്തുകൾ അടിസ്ഥാനമാക്കി അതിനെ പരിശോധിച്ചുംപോന്നു” (അപ്പൊ. 17: 11).

## പ്രതികരണം

സഭാശുശ്രൂഷകന്മാരുടെ മനസ്സ് അറിയുക എന്ന ലേഖനം കണ്ടു. വളരെ നന്നായിരിക്കുന്നു. സ്ഥലം മാറ്റത്തോടനുബന്ധിച്ച് ഒരു ശുശ്രൂഷകൻ അനുഭവിക്കുന്ന വേദനകൾ പലതാണ്. അത് കണ്ടില്ലെന്നു നടിക്കാനാവില്ല. എന്നാൽ, ഈ ലേഖനത്തിലുള്ള പലതും പാസ്റ്ററുടെ ഭാഗത്തുനിന്നുള്ള ചിന്തമാത്രമായി ഒതുങ്ങിയോ എന്നൊരു സംശയം. “നന്നായി ശുശ്രൂഷ ചെയ്തിട്ടുള്ളവർ തങ്ങൾക്ക് നല്ലനിലയും ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിൽ വളരെ പ്രാഗത്ഭ്യവും സമ്പാദിക്കുന്നു (1 തിമൊ. 3:13) എന്നാണ് ദൈവവചനം. തങ്ങൾക്ക് നല്ലനില എന്നത് ഭൗതികവും, വിശ്വാസത്തിൽ പ്രാഗത്ഭ്യം എന്നത് ആത്മീകവുമായി ചിന്തിക്കുന്നതിൽ തെറ്റില്ല. ഒരായുസ് മുഴുവനും ദൈവവേല ചെയ്തിട്ട് ഒരുനിലയിലും എത്താൻ കഴിയാത്ത ശുശ്രൂഷകർ നിരവധിയാണ്.” ഈ ഭാഗത്തു നിന്നും, ഒരുനിലയിലും എത്താൻ കഴിയാത്തതിനു കാരണം ‘നന്നായി ശുശ്രൂഷ ചെയ്തില്ല’ എന്നല്ലേ മനസിലാക്കേണ്ടത്? വിശ്വാസികൾക്കു വേണ്ടി ഉപവസിച്ച് പ്രാർഥിച്ച്, അവർക്ക് കാറും വീടും വസ്തുക്കളുമെല്ലാം ഉണ്ടായിട്ടും പാസ്റ്റർ ഇപ്പോഴും പഴയപടിതന്നേ എന്ന പ്രസ്താവനയും ലജ്ജാവഹംതന്നെയാണ്. എന്തുകൊണ്ട് പാസ്റ്റർക്കും കൂടെ ഇതൊക്കെ പ്രാർഥിച്ച് നേടിക്കൂടാ? അഥവാ എന്തുകൊണ്ട് ദൈവം പാസ്റ്ററെ മാത്രം മറന്നു?

ലേഖനത്തിലുടനീളം പാസ്റ്ററാണ് സഭയുടെ പരമാധികാരി എന്നധ്വനിയാണ് ഉള്ളത്. പുതിയനിയമത്തിൽ പൗരോഹിത്യമില്ല. മഹാപുരോഹിതൻ യേശുക്രിസ്തു മാത്രമാണ്. പാസ്റ്ററും വിശ്വാസിയുമെല്ലാം പുരോഹിതവർഗമാണ്. പുതിയനിയമസഭയിൽ ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ, പ്രവാചകർ തുടങ്ങി പല വിധശുശ്രൂഷകരുണ്ട്. ദൈവവചനം ക്രമീകൃതമായി പഠിച്ച വ്യക്തി എന്ന നിലയിലും പൂർണസമയസുവിശേഷവേലയ്ക്കായി ഇറങ്ങിയ ആൾ എന്ന നിലയിലുമാണ് ഒരു സഭയുടെ അധ്യക്ഷനായി പാസ്റ്ററെ നിയമിക്കുന്നത്. എന്നാൽ, ഒരു സഭയുടെ അധ്യക്ഷനായിക്കഴിഞ്ഞാൽ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടതായിട്ടുണ്ട്.

*മാത്യു സി.എ.*
*കോട്ടയം*

മാസികയിലേക്ക് രചനകൾ അയയ്ക്കേണ്ട വിലാസം:
Christian World
P.B.No. 5., Puthuppally
Kottayam 686011
Email:christianworld2006@gmail.com
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വാർഷിക വരിസംഖ്യ 120 രൂപ

വരിസംഖ്യ അയക്കേണ്ട വിലാസം
Sam T. Mukathala
Christian World, Alummoodu P.O.,
Kollam- 691 577, Kerala
Ac No: 0272073000000210
The South Indian Bank, Christian World, Perumpuzha Br.
IFSC Code:SIBL0000272

EDITORIAL BOARD
Managing Editor : Viju Ambattu
Editor : D. Kunjumon Pothancode 9947780814
Circulation Manager : Reji P. Paul Ph. 9447598535

# ക്രൈസ്തവ സഭയിലെ ഗ്രൂപ്പിസം



ബാബു ജോയ് കൊണ്ണിയൂർ

ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ ഉണ്ടാക്കി. ഭൂമിയെ അടക്കിവാഴാനുള്ള പദവികളും അധികാരങ്ങളും നല്കി ഏറ്റവും മനോഹരമായ ഏദൻ തോട്ടത്തിൽ ആക്കുകയും ചെയ്തു. വെയിലാറുന്ന സമയത്ത് ദൈവം തോട്ടത്തിൽ ഇറങ്ങിവന്ന് അവരോടൊപ്പം സന്തോഷിക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്യുന്ന പതിവ് ഉണ്ടായിരുന്നു. ഇതിൽ അസൂയാലുവായ പിശാച് അവരെ ദൈവത്തിൽ നിന്ന് അകറ്റുവാനുള്ള തന്ത്രം മെനഞ്ഞു. സാത്താൻ ആ തന്ത്രം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ക്രൈസ്തവസഭ ഒറ്റക്കെട്ടായി നിന്നാൽ തന്റെ തന്ത്രങ്ങൾ ഫലിക്കില്ലെന്ന് മനസ്സിലാക്കിയ സാത്താൻ സഭയിൽ ദുരുപദേശങ്ങൾ കടത്തിവിട്ട് പല സംഘടനകളാക്കി മാറ്റുന്നതിൽ വിജയിച്ചു. സാത്താൻ വിശ്രമിക്കാതെ ഓരോ സംഘടനയെയും പല ഗ്രൂപ്പുകളാക്കാൻ അശ്രാന്ത പരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഫലമാണ് ഇന്ന് നാം കാണുന്ന സഭയിലെ ഗ്രൂപ്പുകൾ. ഓരോ ഗ്രൂപ്പും ശക്തമായി മുന്നേറുമ്പോൾ പിശാചിന്റെ തന്ത്രങ്ങൾ ഫലം കാണുന്നുവെന്നും ദൈവരാജ്യത്തിന്റെ പണി മന്ദഗതിയിലാക്കുന്നുവെന്നും നാം മറന്നുപോകരുത്.

തന്റെ ഇംഗിതമനുസരിച്ച് പ്രവർത്തിക്കുന്ന ഒരു കൂട്ടം ജനതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് പിശാച് പ്രവർത്തിക്കുന്നത്. അത് ഏദെൻ തോട്ടത്തിൽ വച്ച് തന്നെ ആരംഭിച്ചു. തങ്ങളെ ദൈവത്തെപ്പോലെയാക്കാമെന്ന മോഹനവാഗ്ദാനമാണ് പിശാച് ഹവ്വയ്ക്ക് നല്കിയത് (ഉല്പ 3:5). എന്തെങ്കിലും വാഗ്ദാനങ്ങൾ നല്കിയാലേ ഗ്രൂപ്പിൽ ആളെ കിട്ടുകയുള്ളൂവെന്ന് പിശാചിനും കൂട്ടർക്കും നന്നായി അറിയാം. മാത്രമല്ല, ദൈവത്തെപ്പറ്റി കുറ്റം പറഞ്ഞ് ഹവ്വയെ തന്റെ ഗ്രൂപ്പിൽ ചേർക്കാൻ പിശാച് താൽക്കാലികമായി വിജയിക്കുന്നു. ഗ്രൂപ്പിൽ ആളെ കിട്ടണമെങ്കിൽ പ്രധാനമായും ചെയ്യേണ്ടത് രണ്ട് കാര്യങ്ങളാണെന്ന് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നു. ഒന്ന്, അഭിക്ഷിതനെക്കുറിച്ച് കുറ്റം പറഞ്ഞ് മറ്റുള്ളവരെ വെറുപ്പിക്കുക. രണ്ട്, എന്തെങ്കിലും വാഗ്ദാനങ്ങൾ നൽകി ആളെ ഗ്രൂപ്പിൽ ചേർക്കുക. ഒടുവിൽ ആദാമിനെയും ഹവ്വയെയും ദൈവം തോട്ടത്തിൽ നിന്ന് പുറത്താക്കിയപ്പോൾ ഗ്രൂപ്പ് നേതാവ് (പിശാച്) എവിടെ പോയിരുന്നുവെന്ന് കാണാൻ കഴിയുന്നില്ല. നല്ല രീതിയിൽ പ്രവർത്തിക്കുന്നവരെ മാത്രമേ ഗ്രൂപ്പിൽ ചേർക്കാൻ അന്നും ഇന്നും പിശാചിനും കൂട്ടർക്കും താൽപ്പര്യമുള്ളൂ. ആർക്കും വേണ്ടാത്ത, ഉപയോഗശൂന്യമായ ആരെയും ഗ്രൂപ്പുകാർക്ക് ആവശ്യമില്ല. മറിച്ച്, ഏദെൻ തോട്ടം പോലെയുള്ള സഭകളെ നയിക്കുന്നവരെയും, ഊർജ്ജസ്വലതയുള്ളവരെയും, സഭാപ്രധാനികളെയും ഗ്രൂപ്പിൽ ചേർക്കാനാണ് താല്പര്യം.

ദൈവത്തിനുവേണ്ടി ശക്തിയായി പ്രവർത്തിക്കുന്നവരെ നശിപ്പിക്കാൻ പിശാച് ഉപയോഗിച്ച 'എതിർ ഗ്രൂപ്പുകാർ' ദൈവസഭയിലെ മുൻനിര നേതാക്കന്മാർ തന്നെയായിരുന്നുവെന്ന് നാം മറന്നു പോകരുത്. ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ശക്തരായ നേതാക്കളിൽ ഒരുവനും ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്ന മോശെക്കെതിരെ ഉയർന്നുവന്ന എതിർ ഗ്രൂപ്പുക്കാർ പുറത്തുള്ള ആളുകൾ അല്ലായിരുന്നു. മറിച്ച്, അഭിഷിക്തന്റെ കുടുംബത്തിലെ തന്റെ സ്വന്തം സഹോദരനും സഹോദരിയുമായിരുന്നു. കൈയ്യിൽ കിട്ടിയ ആരെയെങ്കിലും ആയിരുന്നെങ്കിൽ ഗ്രൂപ്പിൽ ആളെ കിട്ടില്ലെന്ന് പിശാചിനറിയാം. അതിനാൽ മോശെയുടെ സഹോദരങ്ങളായ അഹരോനെയും മിര്യാമിനെയും ആയിരുന്നുവെന്ന് തിരിച്ചറിയുക. ആർക്കെങ്കിലും എന്തെങ്കിലും കുറ്റവും കുറവും അവരെക്കുറിച്ച് പറയാൻ കാണുമോ? മോശെയെക്കാളും പ്രസംഗിക്കാൻ കഴിവുള്ളവനായിരുന്നു അഹരോൻ. പാടാൻ കഴിവുള്ളവളായിരുന്നു മിര്യാം. അവർ പറഞ്ഞത് യഹോവ മോശെ മുഖാന്തിരം മാത്രമേ അരുളിചെയ്തിട്ടുള്ളുവോ? ഞങ്ങൾ മുഖാന്തിരവും അരുളിചെയ്തിട്ടില്ലയോ? (സംഖ്യാ 12:2). യിസ്രായേൽ ജനത്തെ സംബന്ധിച്ചിടത്തോളം അവരുടെ നേതാവായി അനുജനായാലും ജേഷ്ഠനായാലും അവർക്ക് കുഴപ്പമില്ല. ചില ദിവസങ്ങൾ നീണ്ടുപോയിരുന്നെങ്കിൽ ഒരു വലിയ കൂട്ടം ജനത മിര്യാമിനോടും അഹരോനും കൂടെ പോകുമായിരുന്നു. സ്വർഗ്ഗത്തിലെ ദൈവം മേഘസ്തംഭത്തിൽ ഇറങ്ങി കൂടാര വാതിൽക്കൽ നിന്ന് അഹരോനെയും മിര്യാമിനെയും വിളിച്ചു (സംഖ്യ 12:5). ഒടുവിൽ 12:9 ൽ കാണുന്നത് യഹോവയുടെ കോപം അവരുടെമേൽ ജ്വലിച്ചു മിര്യാം കുഷ്ഠരോഗിയായി തീർന്നു. ഗ്രൂപ്പിസത്തെ ദൈവം മുളയിലേ നുള്ളി. അടവ് പാളിയ പിശാച് മിണ്ടാതിരുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ, അവൻ പിന്നെയും കോരഹ്, ദാഥാൻ, അബീരാം, ദാൻ എന്നിവരെ ഗ്രൂപ്പിസത്തിനായി സംഘടിപ്പിച്ചു. ഈ 'മിടുക്കന്മാർ' ചെയ്തത് യിസ്രായേൽ മക്കളിൽ സഭാപ്രധാനികളും സംഘസദസ്യന്മാരും, പ്രമാണികളുമായ ഇരുനൂറ്റമ്പതു പുരുഷന്മാരെ കൂട്ടി മോശെയോട് മത്സരിച്ചു (സംഖ്യ 16:2). ഇന്നായിരുന്നെങ്കിൽ മോശെയെപോലുള്ള ദൈവഭക്തന്മാർ പരാജയപ്പെടുമായിരുന്നു. ഈ ഗ്രൂപ്പിസത്തിനെതിരെ സർവ്വശക്തനായ ദൈവം ഒരു അപൂർവ്വകാര്യം അവിടെ ചെയ്തു. അവരെ മാത്രമല്ല അവരുടെ കുടുംബാംഗങ്ങളെയും ഭൂമി വായ് പിളർന്ന് വിഴുങ്ങിക്കളഞ്ഞു (സംഖ്യ 16:31). ഇതാണ് ഗ്രൂപ്പിസത്തിന്റെ അന്തമെന്നുള്ള കാര്യം ക്രൈസ്തവ ലോകം അറിയാതിരിക്കരുത്.

പിശാചിന് ഗ്രൂപ്പിസത്തിനായി ആരെങ്കിലും കിട്ടിയാൽ പോരാ അവന് ആവശ്യം സഭാപ്രധാനികളെയാണ് (സംഖ്യ 16:2). പിൻമാറ്റക്കാരായ കോരഹ്, അബീരാം കൂട്ടരും ഗതാഗത വാർത്തവിനിമയ സൗകര്യമില്ലാതിരുന്ന അന്ന് 250 സഭാപ്രധാനികളെ തങ്ങളുടെ ഗ്രൂപ്പിൽ സംഘടിപ്പിച്ചെങ്കിൽ ബൈക്കിലും കാറിലും രണ്ടാഴ്ച കറങ്ങി, കുറച്ച് സമയം മൊബൈൽ ഫോണും ഉപയോഗിച്ച് അല്പം പണവും ഒഴുക്കിയാൽ 2,500 ലധികം സഭാപ്രധാനികളെ കിട്ടുമെന്ന് ഇന്നത്തെ കോരഹിനും കൂട്ടർക്കും അറിയാം. കൂടാതെ അവർക്ക് പണം കൊടുക്കാനും ആളുകൾ ഉണ്ടല്ലോ.

വർത്തമാനകാല ക്രൈസ്തവ സഭയിൽ ഉള്ളതിനെക്കാൾ ശക്തമായ ഗ്രൂപ്പിസം ആദിമ സഭയിൽ നിലനിന്നിരുന്നതായി 1 കൊരി 3:4 ൽ കാണുന്നു. ഒരുത്തൻ ഞാൻ പൗലൊസിന്റെ പക്ഷക്കാരനെന്നും മറ്റൊരുത്തൻ ഞാൻ അപ്പല്ലോസിന്റെ ഗ്രൂപ്പുകാരനെന്നും പരസ്യമായി പറഞ്ഞു ഗ്രൂപ്പിൽ ആളുകളെ ചേർക്കുന്നവർ ഉണ്ടായിരുന്നു. യഥാർഥത്തിൽ പൗലൊസും അപ്പല്ലോസും സ്വന്ത പ്രയത്നത്താൽ ഉണ്ടാക്കിയതല്ല കൊരിന്തു സഭയിലെ ഗ്രൂപ്പിസം. മറിച്ച്, സ്വന്തമായി വ്യക്തിത്വവും ശുശ്രൂഷയും ഇല്ലാതിരുന്ന വ്യക്തികൾ അവരുടെ സ്വന്ത നിലനിൽപ്പിനും നല്ല സഭ കിട്ടുവാനും മറ്റ് സഭകളിൽ ശുശ്രൂഷയ്ക്ക് ക്ഷണം ലഭിക്കാനുമായി പൗലൊസിന്റെയും അപ്പൊല്ലൊസിന്റെയും കേഫാവിന്റെയും പേര് പറഞ്ഞ് നടന്നവരായിരുന്നു. അപ്പൊല്ലൊസിനും, പൗലൊസിനും, കേഫാവിനും മറ്റുള്ള നേതാക്കന്മാരുടെ പേരുകൾ പറഞ്ഞ് നടക്കേണ്ട കാര്യമില്ല. കാരണം കർത്താവാണ് അവരെ ശുശ്രൂഷയ്ക്ക് വിളിച്ചതെന്നുള്ള വ്യക്തമായ ഉറപ്പ് അവർക്കുണ്ടായിരുന്നു. കൂടാതെ ശക്തമായ ശുശ്രൂഷ കർത്താവ് അവർക്ക് കൊടുത്തിട്ടുണ്ടായിരുന്നു. മാത്രമല്ല വിദ്യാഭ്യാസവും സ്വന്ത വ്യക്തിത്വവും പുരുഷത്വവുമുള്ളവരായിരുന്നു അവർ. എന്നാൽ, മുകളിൽ പറഞ്ഞ ഗുണങ്ങൾ ഇല്ലാതിരുന്ന 'അപ്പാവികളായ' ചിലവ്യക്തികൾ സ്വന്ത നിലനിൽപ്പിനായി ഗ്രൂപ്പ് സംഘടിപ്പിച്ചുവെന്ന് അനുമാനിക്കാം. ഓർക്കുക, ഗ്രൂപ്പിസത്തെ കർത്താവ് വെറുക്കുന്നു.

1 കൊരി 1:10–13, 3:4 എന്നീ വാക്യങ്ങളിൽ പൗലൊസ് കൊരിന്ത് സഭയിൽ അനിയന്ത്രിതമായി തുടർന്ന് പോന്ന ഗ്രൂപ്പിസത്തിനെതിരെ ശക്തമായി എഴുതിയിരിക്കുന്നു. അവർ ഓരോ നേതാവിന്റെയും പേരിൽ ഗ്രൂപ്പുണ്ടാക്കി പരസ്പരം മത്സരിച്ച് പിശാചിന് ഇടം കൊടുത്ത് മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു. ഗ്രൂപ്പിസത്തിന്റെ അത്യുച്ചകോടിയിൽ കൊരിന്ത് സഭ നിന്നപ്പോഴാണ് ലോകരിൽപോലും ഇല്ലാത്ത മ്ലേച്ഛത സഭയിൽ നടന്ന് വന്നത് (1 കൊരി 5:1–2). പൗലൊസ് ജാതികളുടെ അപ്പൊസ്തലനാകയാൽ വിജാതികളിൽ നിന്ന് തിരിഞ്ഞു വന്നവർ പൗലൊസിന്റെ നേതൃത്വം അംഗീകരിച്ചു. അതുപോലെ പ്രസംഗകലയിലും ഗ്രീക്കുതത്വജ്ഞാനത്തിലും മികവുറ്റവനും പഴയനിയമതിരുവെഴുത്തുകളുടെ വ്യഖ്യാനത്തിൽ വൈഭവമുള്ളവനായ അലക്സാന്ത്രിയക്കാരൻ അപ്പൊല്ലൊസിന്റെ പ്രവർത്തനം (പ്രവൃത്തി 18:24, 19:1) വിദ്യാഭ്യാസരംഗത്ത് ഉന്നതരായിരുന്ന കൊരിന്ത്യരെ ആകർഷിച്ചു. അത് തന്റെ പേരിൽ ഒരു ഗ്രൂപ്പ് ഉടലെടുക്കാൻ കാരണമായി. മറ്റ് ചിലരാകട്ടെ പത്രൊസ് കർത്താവിനോടു കൂടെ സഞ്ചരിച്ചിരുന്ന ആളായതിനാൽ പൗലൊസിനെക്കാളും അപ്പൊല്ലോസിനെക്കാളും ആദരണീയൻ എന്ന് ചിന്തിച്ച് കേഫാവിന്റെ പക്ഷക്കാരൻ ആയി. എന്നാൽ വേറെ ചിലർ, മറ്റ് നേതാക്കന്മാർ വേണ്ടാ ക്രിസ്തു മാത്രം ഞങ്ങളുടെ നേതാവ് എന്ന് പറഞ്ഞവർ. ഈ കൂട്ടർ കർത്താവിനെ ഉയർത്തുകയല്ല മറിച്ച്, ഒരു പാർട്ടി നേതാവിന്റെ നിരയിലേയ്ക്ക് യേശുവിനെ താഴ്ത്തുകയാണ് ചെയ്തത്.

കൊരിന്തു സഭയിലെ ഭിന്നത വേദശാസ്ത്ര സംബന്ധമായ കാരണത്താലല്ല, മറിച്ച് വ്യക്തികളെ കേന്ദ്രീകരിച്ചാണുണ്ടായത്. പൗലൊസിന്റെയും പത്രൊസിന്റെയും അദ്ധ്യാപനങ്ങൾ പരസ്പര വിരുദ്ധമല്ലെന്ന് അവർക്കറിയാം. എന്നാൽ പത്രൊസും, പൗലൊസും വിദേശത്തും സ്വദേശത്തും ധാരാളം സഭകൾ സ്ഥാപിച്ചതിനാൽ സ്വദേശത്തും വിദേശത്തുമുള്ള നല്ല സഭകളിൽ നിയമനം കിട്ടാനും സംഘടനയിൽ സ്ഥാനമാനങ്ങൾ കിട്ടാനും മറ്റു സഭകളിലെ സ്പെഷ്യൽ യോഗങ്ങളിൽ പ്രസംഗിക്കാനുള്ള അവസരം കിട്ടാനും അന്നത്തെ പുത്രിക സംഘടനകളിലും സഭാകമ്മിറ്റികളിലും കയറിപറ്റാനും പൗലൊസിനും പത്രൊസിനും വിദേശത്ത് നല്ല പിടിപാടുള്ളതിനാൽ മൂന്ന് മാസത്തെ വിദേശപര്യടനത്തിനുള്ള അവസരത്തിനുവേണ്ടിയും കൂടാതെ പൗലൊസും പത്രൊസും തങ്ങളുടെ പോക്കറ്റിലാണെന്നും സെന്റർ പാസ്റ്ററായി മത്സരിക്കുന്ന തങ്ങൾക്ക് വോട്ട് തന്നില്ലെങ്കിൽ ആ വിവരം ആർച്ച് ബിഷപ്പായ പത്രൊസിനെ അറിയിക്കുമെന്ന് പറഞ്ഞ് വിരട്ടിയവരും കൂടെ നിന്നാൽ വസ്തു വാങ്ങാനും പള്ളി പണിയാനും ജനറൽ ഫണ്ടിൽ നിന്ന് കാശ് സംഘടിപ്പിക്കാമെന്നും ചിന്തിച്ച് നേതാക്കന്മാരുടെ പേരുകൾ പറഞ്ഞ് നടന്നവർ കൂടാതെ അപ്പൊല്ലൊസിന്റെ ബൈബിൾ കോളേജിൽ പഠിപ്പിക്കാനുള്ള അവസരത്തിനായി കൂടുതൽ ഗമയ്ക്കുമായി അപ്പെല്ലൊസിന്റെ പക്ഷക്കാരൻ എന്ന് പറഞ്ഞു നടക്കുന്നു.

എന്നാൽ, ഭക്തനും ദൈവഭയവുമുണ്ടായിരുന്ന പൗലൊസ് ഈ വാർത്തയറിഞ്ഞയുടനെ അവർക്ക് എഴുതിയ ലേഖനം ഇന്നത്തെ ഇക്കൂട്ടർ ഒരിക്കൽ കൂടി വായിച്ചിരുന്നെങ്കിൽ (1കൊരി 3:5). എന്നാൽ ഇന്ന് ഒരുവൻ യഥാർത്ഥത്തിൽ മാനസാന്തരപ്പെട്ട് ഗ്രൂപ്പിസം മതിയാക്കി പോയാൽ അവനെക്കുറിച്ച് നേതാക്കന്മാർ പറയുന്നത്, അവന് വേണ്ടി ഞാൻ എന്തെല്ലാം ചെയ്തു കൊടുത്തു, നന്ദിയില്ലാത്തവൻ, വഞ്ചകൻ തുടങ്ങിയ പദപ്രയോഗങ്ങൾ മറ്റുള്ളവരോട് പറയും. കാരണം മറ്റുള്ളവർ ഗ്രൂപ്പ് വിട്ടുപോകാതിരിക്കാൻ!

വർത്തമാനകാല സഭയുടെ ഏറ്റവും വലിയ ശാപമാണ് കക്ഷിത്വം. സഭാവളർച്ചയ്ക്കും ദൈവപ്രവൃത്തിക്കും ഏറ്റവും തടസ്സമായി നിൽക്കുന്നതും ഇതു തന്നെ. ഗ്രൂപ്പ് യോഗങ്ങൾ കൂടുകയും ഗ്രൂപ്പിസം വളർത്തുകയും ചെയ്യുന്ന സഭകൾക്കും സംഘടനകൾക്കും ക്രിസ്തുവിനെ മുഴുവനായും പ്രതിഫലിപ്പിക്കാൻ കഴിയുകയില്ല. ഇത്തരക്കാർ കർത്താവായ യേശുവിനെ ഉയർത്തുകയല്ല പ്രത്യുത പാർട്ടി നേതാവിനെ കുറിച്ചായിരിക്കും അവർക്ക് കൂടുതലായി പറയാൻ ഉള്ളത്. മനുഷ്യനാമം ഉപയോഗിച്ച് കക്ഷിഭിന്നതകൾ സൃഷ്ടിച്ച് മുന്നോട്ടു പോകുന്നവർ അപകടത്തിലാണ് ചെന്നെത്തുന്നത് എന്ന് അറിയുന്നില്ല.

ആദിമ നൂറ്റാണ്ടിൽ സഭ വളർന്നു, അത്ഭുതങ്ങളാലും അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും ദൈവം സഭയെ സമൂഹത്തിൽ ഉറപ്പിച്ചു. കാരണം അപ്പൊ 1:14 ൽ അവർ എല്ലാവരും ഒരുമനപ്പെട്ടു, അപ്പൊ 2:1 ൽ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു, അപ്പൊ 2:44–45 ൽ എല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവക എന്ന് എണ്ണി, അപ്പൊ 4:32 ൽ ഏക ഹൃദയവും ഏക മനസ്സുള്ളവരായിരുന്നു, അപ്പൊ 5:12 ൽ എല്ലാവരും ഏക മനസോടെയായിരുന്നു. ചുരുക്കത്തിൽ അവർ ഐക്യതയുള്ളവരായിരുന്നു.

ഭിന്നതയോ, കക്ഷിത്വമോ ഉണ്ടാക്കുവാൻ ആദിമ സഭയിലെ നേതാക്കന്മാർ അനുവദിച്ചില്ല. സഭയിൽ പിണക്കം ഉണ്ടെന്നും തന്റെ പേരിൽ ഒരു ഗ്രൂപ്പ് ഉണ്ടായതായും ക്ലോവയുടെ ആളുകളാൽ പൗലൊസ് അറിയുന്നു ഉടൻ തന്നെ ആ തിന്മക്കെതിരെ പൗലൊസ് തന്റെ തൂലിക ചലിപ്പിക്കുന്നു. ഇന്നായിരുന്നെങ്കിൽ പൗലൊസ് എഴുതിയ പല ലേഖനങ്ങളും വെളിച്ചം കാണുകയില്ല. എന്നാൽ പൗലൊസിന്റെ ലേഖനങ്ങൾ ബൈബിളിൽ ഉൾപ്പെടുത്താൻ പരിശുദ്ധാത്മാവ് മറന്നില്ല. തന്റെ പേരിൽ ഗ്രൂപ്പുയോഗം നടക്കുന്നുണ്ട്, പക്ഷക്കാർ ചമഞ്ഞ് ചിലർ നടക്കുന്നുണ്ട് എന്നൊക്കെ അറിഞ്ഞാൽ അവരെ വിളിച്ച് താക്കീത് ചെയ്യുകയും ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? ഞാൻ നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടുവോ? അല്ല എന്റെ നാമത്തിൽ നിങ്ങൾ സ്നാനം കഴിപ്പിച്ചോ എന്ന് പൗലൊസിനെപ്പോലെ ചോദിക്കുകയും അവരെ മാനസാന്തരത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ നേതാവ്.

**അല്ല എന്റെ നാമത്തിൽ നിങ്ങൾ സ്നാനം കഴിപ്പിച്ചോ എന്ന് പൗലൊസിനെപ്പോലെ ചോദിക്കുകയും അവരെ മാനസാന്തരത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ നേതാവ്.**

## കാർട്ടൂൺ കോർണർ - റോയി മേപ്രാൽ



# കോപമേ വിട!



*“കോപം കളഞ്ഞ് ക്രോധം ഉപേക്ഷിക്കുക ...” (സങ്കി 37:8).*



പാസ്റ്റർ ജിജി പോൾ, സൂററ്റ്

കോപം അപകടത്തിന്റെ സന്തതസഹചാരിയും സ്നേഹിതനുമാണ്. Anger is only one letter short of Danger എന്ന ആംഗലേയ ഭാഷയിലെ ചൊല്ല് ഇത് വ്യക്തമാക്കുന്നു. അതേ, നാം കോപത്തെ ഹിംസിച്ചില്ലെങ്കിൽ ഒരു പക്ഷെ നമ്മെ കോപം ഹിംസിക്കാം. ഭക്ത കവിയായ ദാവീദ് രാജാവ് പറയുന്നത് ശ്രദ്ധിക്കൂ, ‘കോപം കളഞ്ഞ് ക്രോധം ഉപേക്ഷിക്കുക’.

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നത്, “ക്രോധം ക്രൂരവും കോപം പ്രളയവുമാകുന്നുവെന്നും (സദൃ. 27:4), മൂഢൻ തന്റെ കോപത്തെ മുഴുവനും വെളിപ്പെടുത്തുന്നു, ജ്ഞാനിയോ അതിനെ അടക്കി ശമിപ്പിക്കുന്നുവെന്നും (29:11), കോപമുള്ളവൻ വഴക്കുണ്ടാക്കുന്നു; ക്രോധമുള്ളവൻ അതിക്രമം വർദ്ധിപ്പിക്കുന്നുവെന്നും (29:22), കോപം ഇളക്കിയാൽ വഴക്കുണ്ടാകുമെന്നും (30:33), മുൻകോപി ഭോഷത്വം പ്രവർത്തിക്കുന്നുവെന്നുമാണ്” (14:17).

അപ്പൊസ്തലനായ പൗലൊസ് എഫെസ്യലേഖനത്തിൽ, “സൂര്യൻ അസ്തമിക്കുവോളം കോപം വെച്ചുകൊണ്ടിരിക്കരുതെന്നും (4:26), എല്ലാ കയ്പും, കോപവും... നിങ്ങളെ വിട്ട് ഒഴിഞ്ഞുപോകട്ടെയെന്നും (4:31), കൊലോസ്യലേഖനത്തിൽ, ഇപ്പോഴോ നിങ്ങളും കോപം, ക്രോധം... ഇവയൊക്കെയും വിട്ടുകളയുവീൻ എന്നും (3:8), തിമോത്തിയോസിന് എഴുതിയ ഒന്നാം ലേഖനത്തിൽ, ആകയാൽ പുരുഷന്മാർ എല്ലായിടത്തും കോപവും, വാഗ്വാദവും വിട്ടകന്നു വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നുവെന്നും (2:8), തീത്തോസിന് എഴുതിയ ലേഖനത്തിലാകട്ടെ, അധ്യക്ഷൻ ദൈവത്തിന്റെ ഗൃഹവിചാരകനാകയാൽ.... തന്നിഷ്ടക്കാരനും കോപിയും ആകരുത്” എന്നും പറയുന്നു (1:7).

യാക്കോബ് അപ്പൊസ്തലനാകട്ടെ, “കോപത്തിന് താമസമുള്ളവൻ ആയിരിക്കട്ടെ” എന്നു പറയുന്നു (1:19). നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തു ഗിരിപ്രഭാഷണത്തിൽ, “ഞാനോ നിങ്ങളോട് പറയുന്നത് സഹോദരനോട് കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകും” എന്നത്രേ (മത്താ. 5:22). ഓർക്കുക, തിരുവചനം കോപത്തെ പാപമെന്നും അതിനെ അകറ്റി നിർത്തണമെന്നും ആജ്ഞാപിക്കുന്നു.

ഇത്തരുണത്തിൽ കോപം ചെയ്യുന്ന ചില കാര്യങ്ങൾ ഇവിടെ കുറിക്കട്ടെ.

**1. കോപം അന്ധനാക്കുന്നു**

പ്രശസ്ത എഴുത്തുകാരനും ചിന്തകനുമായ ബി.എസ്. വാരിയർ മലയാള മനോരമ ദിനപത്രത്തിന്റെ ‘ഉൾകാഴ്ച്ച’ എന്ന പംക്തിയിൽ (മാർച്ച്12, 2012) രേഖപ്പെടുത്തിയ കഥ എടുത്ത് എഴുതട്ടെ. കാറിനെ അതിരറ്റു സ്നേഹിച്ചിരുന്നയാൾ പതിവുപ്പോലെ അതു തുടച്ചു മിനുക്കുകയായിരുന്നു. ആറു വയസ്സായ മകൻ കാറിന്റെ പിൻവശം കമ്പികൊണ്ട് പോറിച്ച് എഴുതുന്നതു കുറെ കഴിഞ്ഞപ്പോഴാണ് കണ്ടത്. കോപം പൂണ്ട് അയാൾ കൈയ്യിൽ കിട്ടിയ സ്പാനറെടുത്തു പെട്ടെന്ന് കുഞ്ഞിന്റെ കൈയ്യിൽ അടിച്ചു. അവന്റെ വിരലുകളൊടിഞ്ഞു ചോര ചാടിയതു കണ്ടപ്പോൾ അയാൾ തന്നെ അവനെ ആശുപത്രിയിൽ എത്തിച്ച് അടിയന്തര ചികിത്സ ചെയ്യിച്ചു. ശസ്ത്രക്രിയ കഴിഞ്ഞ വിരലുകൾ അനക്കാൻ വയ്യാതെ വേദനിക്കുന്ന കുട്ടി പിറ്റേന്നു രാവിലെ കൈയുയർത്തി കാട്ടി അച്ഛനോട് ചോദിച്ചു; “എന്റെ വേദന പോയി, വിരലൊക്കെ എന്ന് തിരിച്ചു കിട്ടും അച്ഛാ?” ഒന്നും പറയാതെ കുഞ്ഞിന്റെ അമ്മ അയാളെ നോക്കി നിന്നു.



**കോപം ഉള്ളിൽ ജ്വലിക്കുമ്പോൾ പറയുന്ന വാക്കുകളും ചെയ്യുന്ന പ്രവർത്തികളും അപകടത്തിനായുള്ള വിത്ത് പാകലാണ്. പിന്നീട് ചിന്തിക്കുമ്പോൾ തെറ്റായിപ്പോയി എന്ന് മനസ്സിലാക്കുവാനും, പശ്ചാത്തപിക്കുവാനും മാത്രമേ നമുക്കു സാധിക്കൂ.**

കുഞ്ഞിന്റെ ദയനീയാവസ്ഥ കണ്ടു പശ്ചാത്തപിച്ച അച്ഛൻ പുറത്തെത്തി കാറിനെ പലവട്ടം തൊഴിച്ചു. ആകെ തകർന്ന അയാൾ കാറിനരികെ തലകുനിച്ചിരുന്നു. അറിയാതെ അയാൾ കാറിന്റെ പിൻവശത്തേക്കു നോക്കി. കമ്പി കൊണ്ടുള്ള കുഞ്ഞുവരകൾ ഇങ്ങനെ, ‘അച്ഛനെ എനിക്ക് എന്തിഷ്ടമാണ്.’

കോപം മനുഷ്യനെ അന്ധനാക്കുന്നു. കോപം മൂക്കുമ്പോൾ മനുഷ്യൻ എന്തു ചെയ്യാനും മടിക്കില്ല. ഇത് ഭ്രാന്തിന്റെ ചെറിയ രൂപമാണ്. നമ്മിൽ നിന്ന് സന്തോഷം തട്ടിയെടുത്ത് നിരാശ നല്കുന്ന തന്ത്രശാലിയായ ശത്രു. ഇതിനെ നിയന്ത്രിക്കുകയും കീഴ്പെടുത്തുകയും ചെയ്തില്ലെങ്കിൽ എന്നേക്കും പശ്ചാത്തപിക്കേണ്ടി വരും.

എപ്പോഴും കോപിക്കുന്ന ഒരു പിതാവിനെ കുറിച്ച് കേട്ട രസാവഹമായ ഒരു കഥയും ഇവിടെ എഴുതട്ടെ.

ഒരു ദിവസം പതിവുപോലെ ഏതോ ചെറിയ കാരണത്തിൽ വലിയ കുറ്റം ആരോപിച്ച് കൊണ്ട് ഒരു പിതാവ് മകനെ അടിക്കുവാൻ തുടങ്ങി. എന്നാൽ കുട്ടിയാകട്ടെ, സാധാരണ ദിവസങ്ങളിൽ നിന്ന് വ്യത്യസ്തനായി കരയുവാനോ അമർഷം പ്രകടിപ്പിക്കുവാനോ ശ്രമിച്ചില്ല. എത്ര കഠിനമായി അടിച്ചിട്ടും അവനിൽ വലിയ ഭാവവ്യത്യാസമില്ലാത്തതിനാൽ പിതാവ് ആശ്ചര്യപ്പെട്ടു ചോദിച്ചു “നീ എന്താണ് കരയാത്തത്?” കുട്ടി പറഞ്ഞു, “എനിക്ക് കരച്ചിൽ വന്നില്ല”. അപ്പോൾ പിതാവ് ചോദിച്ചു, “ഞാൻ അടിച്ചപ്പോൾ നിനക്ക് കോപം വന്നില്ലേ? വേദനിച്ചില്ലേ?”. കുട്ടി പറഞ്ഞു, “കോപവും വന്നു വേദനിക്കുകയും ചെയ്തു”. “എന്നിട്ട് പ്രകടിപ്പിക്കാതിരുന്നത് എന്ത്?” തുടർന്ന് പിതാവ് ചോദിച്ചു. കുട്ടി പറഞ്ഞു, “പപ്പയോട് എനിക്ക് മുമ്പലത്തെപോലെ ഇപ്പോഴും അമർഷം ഉണ്ട്. അതു മാറുവാൻ ഞാൻ നമ്മുടെ ‘Bathroom’ കഴുകി.” പുതിയ ഒരു ‘idea’ കണ്ടു പിടിച്ചതുപോലെയുള്ള കുട്ടിയുടെ വാക്കുകൾ കേട്ടപ്പോൾ ജിജ്ഞാസയോടെ പിതാവ് ചോദിച്ചു, “കോപം മാറുവാൻ കുളിമുറി കഴുകിയാൽ മതിയോ? അതെങ്ങനെയാണ്?”. കുട്ടി പറഞ്ഞു, “ഞാൻ Bathroom കഴുകിയത് പപ്പായുടെ ‘Tooth Brush’ കൊണ്ടാണ്.”

തിരുവചനം പറയുന്നത് ശ്രദ്ധിക്കൂ, മൂഢൻ തന്റെ കോപത്തെ മുഴുവനും വെളിപ്പെടുത്തുന്നു. ജ്ഞാനിയോ അതിനെ അടക്കി ശമിപ്പിക്കുന്നു (സദൃ 29:11). മുൻകോപി ഭോഷത്വം പ്രവർത്തിക്കുന്നു (14:17).

**2. കോപം അടിമയാക്കുന്നു**

ഒരിക്കൽ അലക്സാണ്ടർ ചക്രവർത്തി തന്നെ വളരെ ആകർഷിച്ച ഒരു സന്യാസിവര്യനെ ഗ്രീസിലേക്ക് ക്ഷണിച്ചു. എന്നാൽ സന്യാസിയാകട്ടെ വളരെ അനിഷ്ട ഭാവത്തോടെ ക്ഷണത്തെ തിരസ്കരിച്ചു. കുപിതനായ ചക്രവർത്തി വാളൂരി കൊണ്ട്, “അങ്ങയെ കഷണം കഷണമായി ശകലിച്ച് കൊന്നുകളയുവാൻ എനിക്ക് സാധിക്കും, ഞാൻ അലക്സാണ്ടർ ആണ്” എന്ന് പറഞ്ഞു. എന്നാൽ യോഗിയാകട്ടെ ഭാവവ്യത്യാസം കൂടാതെ പറഞ്ഞു, “നിങ്ങൾ എന്റെ അടിമയുടെ അടിമ മാത്രമാണ്”. ഇതു കേട്ട ചക്രവർത്തി സ്തബ്ധനായി നിന്നുപോയി. എന്നിട്ടു ചോദിച്ചു, “നിങ്ങൾ പറയുന്നത് എന്താണ്? എനിക്ക് മനസ്സിലാകുന്നില്ല”. “കോപം എന്റെ അടിമയാണ്, എന്റെ നിയന്ത്രണത്തിലുള്ള അടിമ, നിങ്ങളോ ആ കോപത്തിന്റെ അടിമ” യോഗി മറുപടി പറഞ്ഞു.

അതേ, കോപം മനുഷ്യനെ അടിമയാക്കുന്നു. ഒരു വ്യക്തി കോപത്താൽ നിയന്ത്രിക്കപ്പെടുവാൻ തുടങ്ങിയാൽ സ്വാതന്ത്ര്യത്തിന്റെ സന്തോഷം സ്വായത്തമാക്കുവാൻ സാധിക്കാത്ത നിലയിൽ അടിമയായി തീരും.

ആംഗലേയ ഭാഷയിൽ ‘നിങ്ങളെ കോപിപ്പിക്കുന്നവൻ നിങ്ങളെ കീഴ്പ്പെടുത്തുന്നു’ (anyone who angers you, conquers you) എന്നൊരു ചൊല്ലുണ്ട്. എന്നാൽ ചിലർ ക്ഷിപ്രകോപികളെങ്കിലും തങ്ങളുടെ തെറ്റിനെ മറക്കുവാൻ വേണ്ടി വിവിധ ന്യായീകരണങ്ങൾ പറയുന്നവരുണ്ട്. ഇത് എന്റെ ബലഹീനതയാണ്. കുടുംബ പാരമ്പര്യമായി ലഭിച്ചതാണ് (പാരമ്പര്യമായി ലഭിച്ച സ്വത്തിനെയോ അഭിമാനർഹമായ സൽപേരിനെ കുറിച്ചോ പറയുന്നത് പോലെ). ചില മഹാന്മാരൊക്കെ ക്ഷിപ്ര കോപികളായിരുന്നുപോലും (ആത്മാർത്ഥമായി ശ്രമിച്ചാൽ നിയന്ത്രിക്കാൻ സാധിക്കാത്ത ഒന്നുമില്ല). എന്നാൽ ക്ഷിപ്ര കോപികളോട് ചോദിക്കട്ടെ, നിങ്ങളെക്കാൾ ഉയർന്ന പദവിയിലുള്ള വ്യക്തിയോട് കോപിക്കുമോ? (അഥവാ കോപിച്ചാൽ അതിന്റെ തിക്ത ഫലം അനുഭവിക്കേണ്ടി വരില്ലേ). നമ്മെക്കാൾ ഉയർന്ന പദവിയിലുള്ള ഒരു വ്യക്തി തെറ്റ് ചെയ്താൽ പോലും വളരെ ബുദ്ധിപരമായും ശാന്തമായും മാത്രമേ നാം തെറ്റ് ചൂണ്ടി കാണിക്കാറുള്ളു. കോപത്തിന്മേൽ വിജയം കൈവരിക്കാതെ ജീവിത വിജയം കൈവരിക്കുവാൻ സാധ്യമല്ല.

**3. കോപം അശാന്തി കൊണ്ട് വരുന്നു**

പ്രശസ്ത ആംഗലേയ എഴുത്തുകാരൻ ഡോ. ജി. ക്യാമ്പൽ മോർഗന്റെ പ്രഭാഷണാനന്തരം ഒരു വനിത വന്നിട്ട് അവളുടെ സന്തോഷം നാല് വർഷം മുമ്പ് അവളെ വിട്ട് പോയി എന്നു പറഞ്ഞു. അത് കേട്ട മാത്രയിൽ അദ്ദേഹം വളരെ സന്തോഷത്തോടെ ദൈവത്തിന് നന്ദി പറഞ്ഞു. ഇത് കണ്ടതായ വനിത, “മോഗൻ എന്തിനാണ് ഇത്രയും സന്തോഷത്തോടെ ദൈവത്തിന് നന്ദി പറഞ്ഞത്” എന്നു ചോദിച്ചു. മോർഗൻ അതിന് മറുപടി പറഞ്ഞത്, “സന്തോഷം എപ്പോഴാണ് നഷ്ടമായതെന്ന് നിനക്ക് അറിയാമെന്നുള്ളതു കൊണ്ടാണ് ഞാൻ സന്തോഷത്തോടെ സ്തുതിച്ചത്. കാരണം സന്തോഷം നഷ്ടമായ സമയം അറിയാമെങ്കിൽ എങ്ങനെയാണ് അത് നഷ്ടമായതെന്നും നിനക്ക് അറിയാം . അതുകൊണ്ട് അത് തിരികെ പ്രാപിക്കാനും സാധ്യമാണ്”. എന്നാൽ, അവളാകട്ടെ എങ്ങനെയാണ് സന്തോഷം നഷ്ടമായതെന്ന് അറിയില്ല എന്ന് കള്ളം പറഞ്ഞു. പക്ഷെ അല്പനിമിഷത്തെ മൗനത്തിന് ശേഷം അവൾ പറഞ്ഞു, “ഞാൻ എന്റെ സഹോദരിയോട് നാലു വർഷം മുമ്പ് കോപിച്ചു, പിണങ്ങി, അനന്തരം അവൾ എന്നെ വിട്ട് പോയി, അന്ന് മുതൽ ഞാൻ അസ്വസ്ഥയാണ്” എന്നു ഉത്തരം പറഞ്ഞു.

അതെ, കോപം സ്വസ്ഥതയും സമാധാനവും കൊയ്തെടുത്തിട്ട് അശാന്തി വിതക്കുന്നു. കോപം ഉള്ളിൽ ജ്വലിക്കുമ്പോൾ പറയുന്ന വാക്കുകളും ചെയ്യുന്ന പ്രവർത്തികളും അപകടത്തിനായുള്ള വിത്ത് പാകലാണ്. പിന്നീട് ചിന്തിക്കുമ്പോൾ തെറ്റായിപ്പോയി എന്ന് മനസ്സിലാക്കുവാനും, പശ്ചാത്തപിക്കുവാനും മാത്രമേ നമുക്കു സാധിക്കൂ. “സംഭാഷണം വെള്ളിയെങ്കിൽ മൗനം സ്വർണ്ണമാണ്”. (Speech is Silver, but silence is Gold) എന്നു തിരിച്ചറിയുക. കോപത്തോടെ ഒരു പ്രവർത്തിയും ചെയ്യുവാൻ പാടില്ല. കോപത്തിൽ നിന്ന് ഉത്ഭവിക്കുന്ന വാക്കുകളും പ്രവർത്തികളും നിയന്ത്രിച്ചേ മതിയാകൂ. അല്ലെങ്കിൽ ഭയാനകമായ ദുരന്തങ്ങളായിരിക്കും ഇവ സൃഷ്ടിക്കുക. തിരുവചനം ശ്രദ്ധിക്കൂ, “നാം തമ്മിൽ അവയവങ്ങളല്ലോ. കോപിച്ചാൽ പാപം ചെയ്യാതിരിക്കുവിൻ. സൂര്യൻ അസ്തമിക്കുവോളം കോപം വെച്ചു കൊണ്ടിരിക്കരുത് (എഫെ. 4:25,26). എല്ലാ കയ്പും ക്രോധവും... നിങ്ങളെ വിട്ട് ഒഴിഞ്ഞ് പോകട്ടെ” (വ. 31). ഓർക്കുക, കോപത്തിൽ നിന്നു മോചനം നേടിയെടുത്തില്ലെങ്കിൽ അശാന്തിയിൽ നിന്ന് മോചനം നേടുവാൻ സാധ്യമല്ല. ‘കോപമേ വിട, ക്രോധമേ വിട, എന്നന്നേക്കും വിട’ എന്ന മനോഭാവത്തോടെ ജീവിച്ച് ജീവിത വിജയം നേടാം.

# യൂറോപ്പിൽ ക്രിസ്തീയവിശ്വാസം തിരിച്ചുവരവിന്റെ പാതയിൽ



യൂറോപ്പിൽ ക്രിസ്തീയവിശ്വാസം തങ്ങളുടെ പഴയപ്രതാപത്തിലേക്കുള്ള തിരിച്ചുവരവിന്റെ പാതയിലാണെന്നു റിപ്പോർട്ടുകൾ. സിറിയ, ഇറാഖ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള മുസ്ലീം അഭയാർഥികളാണ് ഇതിന്റെ മുഖ്യകാരണക്കാർ. വിവിധ ക്രിസ്തീയവിഭാഗങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്ന ഇസ്ലാംമതവിശ്വാസികളുടെ എണ്ണം അനുദിനം വർധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ഒരുകാലത്ത് നിറഞ്ഞുകവിഞ്ഞു നിന്നിരുന്ന യൂറോപ്പിലെ ക്രിസ്തീയ ദൈവാലയങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ കുറേയൊക്കെ ശൂന്യമായിരുന്നുവെങ്കിലും ഇപ്പോൾ ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്ന മുസ്ലീമുകളാൽ ദേവാലയങ്ങൾ വീണ്ടും സജീവമാകുന്നു. സമ്പത്തിന്റെയും ആധുനിക ജീവിത സാഹചര്യങ്ങളുടെയും സ്വാധീനത്തിൽപെട്ട യൂറോപ്പിലെ പുത്തൻ തലമുറ വിശ്വാസത്തിൽനിന്നും അകന്നുകൊണ്ടിരിക്കുകയായിരുന്നു. 'എന്നാൽ മുസ്ലീം അഭയാർഥികൾക്ക് ക്രിസ്തുമതസന്ദേശങ്ങൾക്ക് നേരെ തുറന്നമനസ്സാണ് ഉള്ളത്' എന്ന് ഫുള്ളർ തിയോളജിക്കൽ സെമിനാരിയിലെ പ്രൊഫസ്സറായ മാത്യു കീമിംക് അഭിപ്രായപ്പെടുന്നു. മുസ്ലീം രാജ്യങ്ങളിൽ മറ്റു മതങ്ങളിലേക്കു പരിവർത്തനം ചെയ്യുന്നതു കുറ്റകരമാണ്. എന്നാൽ യൂറോപ്പിൽ ഏതു മതവിശ്വാസവും സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ട്.

സാമ്പത്തികം, ആരോഗ്യം, പ്രതിരോധം തുടങ്ങിയ മേഖലകളിൽ മികച്ച ജീവിതസാഹചര്യമാണ് യൂറോപ്പിൽ നിലനിൽക്കുന്നത്. 'അതിനാൽ തങ്ങൾക്ക് ദൈവത്തിന്റെ ആവശ്യമില്ല എന്നു യൂറോപ്യൻ ജനത ചിന്തിക്കുന്നു' എന്ന് മാത്യു കീമിംക് പറഞ്ഞു. എന്നാൽ മുസ്ലീം അഭയാർഥികൾ ഇക്കാര്യത്തിൽ നേരെ വിപരീതമാണ്. അവർ നല്ല ആത്മീയത പുലർത്തുന്നവരാണ്. നിരവധി കാരണങ്ങൾകൊണ്ടാണ് അവർ തങ്ങൾ പാരമ്പര്യമായി തുടർന്നുപോന്ന മതവിശ്വാസത്തെ ഉപേക്ഷിക്കുന്നത്; അദ്ദേഹം കൂട്ടിച്ചേർത്തു. ക്രിസ്തുമതം സ്വീകരിക്കുകയാണെങ്കിൽ തങ്ങളുടെ പുതിയരാജ്യവുമായി ഒത്തുപോകുന്നതിനു അതു സഹായകമാകും എന്നു ചിലർ കരുതുന്നു.

അക്രമത്തിൽ അധിഷ്ഠിതമായ മതവിശ്വാസം കണ്ടുമടുത്ത മറ്റു ചിലർക്ക് ക്രിസ്തുവിന്റെ സന്ദേശത്തിൽ ആകൃഷ്ടരായി ക്രിസ്തുമതം സ്വീകരിക്കണമെന്നുണ്ടായിരുന്നുവെങ്കിലും തങ്ങളുടെ രാജ്യങ്ങളിൽ അത് സാധ്യമല്ലാതിരുന്നതിനാലും, തങ്ങളും തങ്ങളുടെ കുടുംബവും ജിഹാദി ഗ്രൂപ്പുകളുടെയും, ഇസ്ലാമിക് സ്റ്റേറ്റ് ഭീകരരുടെയും നോട്ടപ്പുള്ളികളായി മാറും എന്ന ഭയത്താലും അപ്രകാരം ചെയ്യാതെ ഇരിക്കുകയായിരുന്നു. അതിനാൽ മതസ്വാതന്ത്ര്യമുള്ള ഒരു രാജ്യത്തെത്തിയപ്പോൾ ധൈര്യപൂർവ്വം ക്രിസ്തുവിനെ രക്ഷകനായി ഇക്കൂട്ടർ സ്വീകരിക്കുന്നു.

'യൂറോപ്പിലെത്തുന്ന മുസ്ലീം അഭയാർഥിക്ക് നിരവധി സമ്മർദ്ദങ്ങൾ നേരിടേണ്ടിവരുന്നു. വംശീയത, ദാരിദ്ര്യം, പുറന്തള്ളപ്പെടൽ, വിവേചനം, ഭാഷ തുടങ്ങി നിരവധി പ്രശ്നങ്ങൾ അവർക്ക് മുൻപിൽ ഉണ്ട്. ഭൂമിശാസ്ത്രപരമായ അരക്ഷിതാവസ്ഥക്ക് പുറമേ ആത്മീയമായ അരക്ഷിതാവസ്ഥയും അവർ നേരിടുന്നു. എന്നാൽ ക്രിസ്തീയ ദേവാലയങ്ങൾ അവർക്ക് ക്രിസ്തുവിന്റെ സ്നേഹം പകർന്നുനൽകിക്കൊണ്ട് യഥാർഥ ആതിഥ്യമാണ് നൽകുന്നത്' എന്ന് മാത്യു കീമിംക് പറയുന്നു. ക്രിസ്തുവിന്റെ സന്ദേശം പ്രവർത്തികളിലൂടെ പ്രഘോഷിച്ചുകൊണ്ടാണ് സഭ ഇത് സാധ്യമാക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

2016ലെ കണക്കുകൾ പ്രകാരം 9,00,000 അഭയാർഥികളെയാണ് ജർമനി സ്വീകരിച്ചത്. സിറിയ, ഇറാഖ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു ഭൂരിഭാഗംപേരും. ബെർലിനിലെയും ഹാംബർഗിലെയും ദൈവാലയങ്ങളിലേക്കു മാമ്മോദീസ സ്വീകരിക്കുവാൻ ആഗ്രഹിച്ചുകൊണ്ട് നിരവധിപേരാണ് ദിവസംതോറും എത്തിച്ചേരുന്നത്. ഈ വർധനവ് കണക്കിലെടുത്ത് ജർമനിയിലെ ഇവാഞ്ചലിക്കൽ സഭ അഭയാർഥികളെ സ്നാനപ്പെടുത്തുന്നതിനെക്കുറിച്ച് ഒരു ലഘുപുസ്തകം തന്നെ പുറത്തിറക്കിയതായി 'ദി ഇൻഡിപെൻഡന്റ്' റിപ്പോർട്ടു ചെയ്യുന്നു. 2016ന്റെ ആദ്യമൂന്നു മാസങ്ങളിൽ ഏതാണ്ട് മൂന്നൂറോളം സ്നാനത്തിനുള്ള അപേക്ഷകൾ തങ്ങൾക്ക് കിട്ടിയിട്ടുള്ളതായി ഓസ്ട്രിയൻ കത്തോലിക്കാസഭയും അറിയിച്ചിട്ടുണ്ട്. ഇതിൽ മുക്കാൽ ഭാഗവും മുസ്ലീം അഭയാർഥികളുടെ അപേക്ഷകളാണ്.

'അക്രമങ്ങളെക്കൊണ്ട് നിറഞ്ഞ ഒരു മതത്തിന് ജനത്തെ സ്വാതന്ത്ര്യത്തിലേക്കും സ്നേഹത്തിലേക്കും നയിക്കുവാൻ കഴിയുകയില്ല' എന്ന് മുസ്ലീം വിശ്വാസം ഉപേക്ഷിച്ച ജൊഹാനസ് എന്ന ഇറാൻ സ്വദേശി പറഞ്ഞു. 'വാളെടുക്കുന്നവൻ വാളാലെ' എന്ന യേശുവിന്റെ വാക്കുകളാണ് തന്നെ ക്രിസ്തുമതത്തിലേക്ക് ആകർഷിച്ചതെന്നും, നാട്ടിലുള്ളവർ എതിർക്കുമെന്ന കാരണത്താൽ ക്രൈസ്തവവിശ്വാസം സ്വീകരിക്കാനുള്ള തന്റെ തീരുമാനം സഹോദരിക്ക് മാത്രമേ അറിയൂ എന്നും ജോഹാനസ് പറഞ്ഞതായി 'ദി ഗാർഡിയൻ' റിപ്പോർട്ട് ചെയ്യുന്നു.

ലോകമെമ്പാടും ക്രൈസ്തവർക്കു നേരെയുള്ള പീഡനങ്ങൾ വർധിക്കുമ്പോഴും ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണം വർധിക്കുകയാണെന്നും ഇതിൽ മുൻ ഐഎസ് തീവ്രവാദികളും ഉൾപ്പെടുന്നതായും 'കരിസ്മ ന്യൂസ്' എന്ന അന്താരാഷ്ട്ര മാധ്യമം റിപ്പോർട്ട് ചെയ്തിരിക്കുന്നു. തങ്ങൾക്കുണ്ടായ യേശുവിന്റെ ചില ദർശനങ്ങളും സ്വപ്നങ്ങളുമാണ് ക്രൈസ്തവവിശ്വാസം സ്വീകരിക്കുവാൻ തങ്ങളെ പ്രേരിപ്പിച്ചതെന്നു മാമോദീസ സ്വീകരിച്ചവർ കരിസ്മ ന്യൂസിനോട് പങ്കുവെച്ചു.

സിറിയയിലെ ആഭ്യന്തരകലാപങ്ങളുടെ തുടക്കത്തിൽ തന്നെ തങ്ങളുടെ വീടും വസ്തുവകകളും ഉപേക്ഷിച്ച് ലെബനനിലെ അഭയാർഥിക്യാമ്പിലെത്തിയ അബുറഡ്ഡാന്റെ ജീവിതസാക്ഷ്യവും കരിസ്മ ന്യൂസ് വിവരിച്ചിട്ടുണ്ട്. രണ്ടു വർഷങ്ങൾക്കുമുൻപാണ് യേശുവിന്റെ ദർശനം തനിക്കു ലഭിച്ചതെന്നും തുടർന്നു ഇസ്ലാംമതം ഉപേക്ഷിച്ച് ക്രൈസ്തവവിശ്വാസം സ്വീകരിക്കുകയായിരിന്നുവെന്നും സിറിയൻ സ്വദേശിയായ അബുറഡ്ഡാൻ സാക്ഷ്യപ്പെടുത്തുന്നു.

2011ൽ സിറിയൻ ആഭ്യന്തരകലാപം രൂക്ഷമായതുമുതൽ ഏതാണ്ട് നൂറോളം സിറിയൻ അഭയാർഥികളെ സ്നാനപ്പെടുത്തിയതായി സാലിബ പറയുന്നു. അതേസമയം മെത്രാൻ ജോർജ് സാലിബാക്ക് പുറമേ നിരവധി പേരിൽ നിന്നും നൂറുകണക്കിന് ഇസ്ലാംമതവിശ്വാസികൾ സ്നാനം സ്വീകരിക്കുന്നുണ്ടെന്നാണ് സൂചന.

ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദിയുടെ അത്ഭുതകരമായ മനപരിവർത്തനത്തിന്റെ ജീവിതസാക്ഷ്യവും 'കരിസ്മ ന്യൂസ്' റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വപ്നത്തിൽ വെളുത്തവസ്ത്രം ധരിച്ച ഒരാൾ 'നീ എന്റെ ആളുകളെ കൊല്ലുകയാണ്' എന്നു തന്നോടു പറഞ്ഞതായും ഇത് മനസ്സിൽ ഏറെ സമ്മർദ്ദമുണ്ടാക്കിയെന്നും മുൻ ഐഎസ് ഭീകരൻ വെളിപ്പെടുത്തി. തീവ്രവാദിയായിരുന്നപ്പോൾ കൊലപ്പെടുത്തിയ ഒരു ക്രിസ്ത്യാനിയുടെ കൈയിൽ നിന്നും ഇയാൾക്ക് ഒരു ബൈബിൾ കിട്ടിയിരുന്നു. അയാൾ ആ ബൈബിൾ വായിക്കുവാൻ തുടങ്ങി. യേശുവിന്റെ അനുയായിയാകുവാൻ അവിടുന്ന് തന്നെ വിളിക്കുന്നതായി മനസ്സിലാക്കിയ അദ്ദേഹം ക്രൈസ്തവവിശ്വാസം സ്വീകരിക്കുകയായിരുന്നു.

ഇസ്ലാംമതം ഉപേക്ഷിച്ച് ക്രൈസ്തവവിശ്വാസം സ്വീകരിച്ചതിനു ശേഷം തന്റെ ഗോത്രത്തിൽ നിന്നും തനിക്ക് ഭീഷണിയുള്ളതായി അബുറഡ്ഡാൻ കരിസ്മ ന്യൂസിനോട് പങ്കുവെച്ചു. 'മരിക്കുകയാണെങ്കിൽ ദൈവാലയത്തിന്റെ മുന്നിൽ കിടന്നുമരിക്കണം' എന്നാണ് തന്റെ ആഗ്രഹമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. തങ്ങളുടെ ജീവൻ പോലും വകവെക്കാതെ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവരുടെ നവീകരണം ശക്തമായ സാക്ഷ്യമായി മാറുകയാണെന്നാണ് പുതിയ റിപ്പോർട്ടുകൾ നൽകുന്ന സൂചന. ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണം ഇനിയും കൂടുവാൻ സാധ്യതയുണ്ടെന്നാണ് പൊതുവെ യൂറോപ്പിലുള്ള അഭിപ്രായം.

*കടപ്പാട്*

# കൊച്ചുകൂട്ടുകാരോട് ഒരുവാക്ക്



കുഞ്ഞുങ്ങളേ, ഒരു പുതിയ അധ്യയനവർഷം കൂടെ ആരംഭിക്കുകയാണല്ലോ. ഈ വർഷവും നിങ്ങൾ വളരെ മിടുക്കരായി, നല്ല ലക്ഷ്യത്തോടെ പഠിച്ച്, നല്ല സ്വഭാവമുള്ളവരായി, മാതൃകയുള്ളവരായി, മറ്റുള്ളവരുടെ മുൻപിൽ സാക്ഷ്യമുള്ളവരായി ജീവിക്കണം. നിങ്ങളെ തകർക്കാൻ ചുറ്റും പലവിധ ചതിക്കുഴികൾ നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് നിങ്ങൾ ആയിരിക്കുന്നത്. എന്നാൽ, നല്ലതേത്, ചീത്തയേത് എന്നു മനസ്സിലാക്കാൻ ദൈവകൃപ ആവശ്യമാണ്.

പലവിധ പ്രലോഭനങ്ങളുമായി പലരും നിങ്ങളുടെ അടുക്കൽ വരുമ്പോൾ അതിനെ തിരിച്ചറിയാൻ കഴിയണം. ഇന്ന് അനേക കുഞ്ഞുങ്ങൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി അവരുടെ ജീവിതം നശിപ്പിക്കുകയാണ്. അതുപോലെ തന്നെ രക്ഷപ്പെടാൻ കഴിയാത്തവിധം സോഷ്യൽമീഡിയയ്ക്കും പലരും അടിമകളാണ്. അവരാരും അങ്ങനെ വളരേണ്ടവരല്ല, എന്നാൽ പ്രലോഭനങ്ങളിൽ വീണുപോകുന്നു. മോശമായ കൂട്ടുകെട്ടിൽ ഒരിക്കലും അകപ്പെട്ടുപോകരുത്.

സുഹൃത്തുക്കളെ തിരഞ്ഞെടുക്കുമ്പോൾ വളരെ ശ്രദ്ധിക്കണം. 'ആരുമായും' കൂട്ടുകൂടാൻ പാടില്ല. നല്ല സ്വഭാവമുള്ളവരുമായി, ദൈവഭയമുള്ളവരുമായി വേണം കൂട്ടുകൂടാൻ. മോശമായ കൂട്ടുകെട്ടിലൂടെയാണ് പലരും നശിച്ചുപോകുന്നത്. ആഴമായ സുഹൃത്ബന്ധത്തിൽ അകപ്പെട്ടുകഴിയുമ്പോൾ അവർ പറയുന്നതെന്തും നല്ലവാക്കായെടുക്കുന്നു. അവസാനം രക്ഷപ്പെടാൻ കഴിയാത്ത ചതിക്കുഴിയിൽപ്പെട്ടുപോകുന്നു.

മാതാപിതാക്കളും ശ്രദ്ധിക്കേണ്ടതുണ്ട്. ഭവനത്തിൽ കുഞ്ഞുങ്ങൾക്ക് എന്തും തുറന്നുപറയാനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. എപ്പോഴും അവരെ വെറുത്തും ദേഷ്യത്തോടെ ഇടപെടുകയും ചെയ്യുന്ന മാതാപിതാക്കളെ കുട്ടികൾ അവഗണിക്കും. മാതാപിതാക്കളിൽ നിന്നും ലഭിക്കേണ്ട സ്നേഹം കിട്ടാതിരുന്നാൽ, അവർ അതു ലഭിക്കുന്നിടത്തേക്കുപോകും. മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് മാതൃകയുള്ളവരാകണം.

മക്കളോടൊപ്പമിരുന്നുള്ള കുടുംബപ്രാർഥന, ഒന്നിച്ചുള്ള ഭക്ഷണം തുടങ്ങിയവ ഒഴിവാക്കാൻ പാടില്ല. അതുപോലെ, അവരോടു സംസാരിക്കാനും സമയം കണ്ടെത്തണം. അവരുടെ ജീവിതത്തിൽ ഒരു തെറ്റുസംഭവിച്ചാൽ, പരാജയം സംഭവിച്ചാൽ അവരെ വെറുക്കുകയും അവജ്ഞയോടെ പെരുമാറുകയും ചെയ്യാതെ, സംയമനത്തോടെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. തന്നെ സ്നേഹിക്കുന്ന ഒരു പിതാവ്/ മാതാവ് ഉണ്ടെന്നുള്ള ആശ്വാസം അവർക്കുണ്ടാകണം.

കുഞ്ഞുങ്ങൾക്കുവേണ്ടി മാതാപിതാക്കൾ കണ്ണുനീരോടെ പ്രാർഥിക്കണം, പ്രത്യേകിച്ച് മാതാവ് ഇതിനായി സമയം കണ്ടെത്തണം. ആത്മീയമായും ധാർമികമായും അടുക്കും ചിട്ടയുമായുള്ള ജീവിതം നയിക്കുന്ന കുടുംബത്തിലെ കുഞ്ഞുങ്ങളാരും തെറ്റിൽ അകപ്പെട്ടുപോകയില്ല.

കുഞ്ഞുങ്ങളേ, നിങ്ങളുടെ വഴി ദൈവകരങ്ങളിലേക്കു സമർപ്പിക്കുക. ദൈവം നിങ്ങളെ മാനിക്കും. ബുദ്ധിയും പരിജ്ഞാനവും ദൈവഭയവുമുള്ളവരായി ജീവിക്കാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

*നിങ്ങളുടെ സ്വന്തം*
*ശോശാമ്മച്ചി*




ഗ്രെയ്സ് തിയോളജിക്കൽ കോളെജിന്റെ ഗറ്റ് ടുഗദറിൽ മാനേജിംങ് ഡയറക്ടർ പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ സംസാരിക്കുന്നു. പാസ്റ്റർ തോമസ് എം. പുളിവേലിൽ, പാസ്റ്റർ റ്റി.എം. മാമച്ചൻ, പാസ്റ്റർ പി.സി. ചെറിയാൻ, പാസ്റ്റർ എബി പത്തനാപുരം എന്നിവർ വേദിയിൽ

# കുടുംബസംഗമം

തിരുവല്ല: ഗ്രെയ്സ് മിഷനും ഗ്രെയ്സ് തിയോളജിക്കൽ കോളെജും സംഘടിപ്പിച്ച കുടംബസംഗമം തിരുവല്ല ക്ലബ് സെവൻ ഹോട്ടലിൽ ഏപ്രിൽ 24നു നടന്നു. പാസ്റ്റർ ഇ.ജെ. തോമസ്കുട്ടി അധ്യക്ഷത വഹിച്ചു.

പാസ്റ്റർമാരായ എബി എബ്രഹാം പത്തനാപുരം, പി.സി. ചെറിയാൻ എന്നിവർ മുഖ്യസന്ദേശം നടത്തി. പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

പാസ്റ്റർന്മാരായ തോമസ് എം. പുളിവേലിൽ, റ്റി. എം. മാമച്ചൻ, തമ്പി മാത്യൂ, ജോൺ മാമൻ, ഷിബു കെ. മാത്യൂ, ബ്രദർ ഫിന്നി കാഞ്ഞങ്ങാട് എന്നിവർ ആശംസയറിയിച്ചു. പാസ്റ്റർ പി.പി. മാത്യു നന്ദി പറഞ്ഞു. എബനേസർ വോയ്സ് പത്തനംതിട്ട ഗാനശുശ്രൂഷ നിർവ്വഹിച്ചു. കോളജ് പ്രിൻസിപ്പാൾ പാസ്റ്റർ മധു വി.എം. സ്വാഗത പ്രസംഗം നടത്തി. പാസ്റ്റർ ഇ.ജെ. ജോണിന്റെ പ്രാർഥിനയോടെ യോഗം സമാപിച്ചു.



# ഷെൽമ സി. സാജന് പ്ലസ്റ്റു എപ്ലസ്

കുന്നംകുളം മരത്തംകോട് ഐപിസി കർമേൽ സഭാംഗവും ഐസിപിഎഫ് നോർത്തേൺ റീജിയൻ കോഓർഡിനേറ്ററും പുതുക്കോട് ഗ്രാമപ്പഞ്ചായത്ത് ഹെഡ്ക്ലാർക്കുമായ ഡോ. സാജൻ സി. ജേക്കബ്-സീന ദമ്പതികളുടെ മകൾ. കുന്നംകുളം ബഥനി സെന്റ്ജോൺസ് ഇംഗ്ലീഷ്മീഡിയം ഹൈസ്കൂൾ വിദ്യാർഥിനിയായ ഷെൽമയ്ക്കു ഉപജില്ലാ യുവജനോത്സവത്തിൽ മൈമിനും ഇംഗ്ലീഷ് സ്കിറ്റിനും ഒന്നാംസ്ഥാനവും സംസ്ഥാന യുവജനോത്സവത്തിൽ എഗ്രേഡോടെ രണ്ടാംസ്ഥാനവും ലഭിച്ചിട്ടുണ്ട്. ഐപിസി സണ്ടേസ്കൂൾ അസോസിയേഷൻ സംസ്ഥാനമത്സരത്തിൽ സ്കിറ്റിന് ഒന്നാംസ്ഥാനം നേടിയിരുന്നു.

# മരിക്കേണ്ടിവന്നാലും...

(1-ാം പേജ് തുടർച്ച)

പരമായ ബുദ്ധിമുട്ടുകൾ കാരണം സുവിശേഷവത്ക്കരണം വേണ്ടവിധം ഫലം കണ്ടില്ലെന്നും ഇവർ ചൈന എയ്ഡിനോട് വെളിപ്പെടുത്തി.

ഇതേത്തുടർന്നാണ് സുവിശേഷം ഉത്തരകൊറിയക്കാരിലേക്ക് എത്തിക്കണമെങ്കിൽ അവരുടെ രാജ്യത്തുപോയി പ്രഘോഷിക്കണം എന്ന തിരിച്ചറിവിലേക്കാണ് സുവിശേഷപ്രഘോഷകർ എത്തിച്ചേർന്നത്. പുതിയ ഉദ്യമത്തിനായി ദക്ഷിണകൊറിയയിൽ നിന്നുള്ള സുവിശേഷപ്രഘോഷകരുടെ സഹായവും ചൈനീസ് മിഷണറിമാർ ഉപയോഗിച്ചിട്ടുണ്ട്. ഉത്തരകൊറിയക്കാരുടെ മാനസികാവസ്ഥകളെ മാറ്റുക എന്നത് ഏറെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നും വചനപ്രഘോഷകർ പറയുന്നു.

ക്രൈസ്തവപീഡനങ്ങളുടെ ഈറ്റില്ലമായ രാജ്യത്ത് സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള പരിശീലനമാണ് തങ്ങൾ പുതിയതായി ആരംഭിച്ച മിഷണറിമാരുടെ പരിശീലനക്കളരിയിലൂടെ ലഭ്യമാക്കുന്നതെന്നും വചനപ്രഘോഷകർ വെളിപ്പെടുത്തി. അവിവാഹിതരായ യുവാക്കളെയാണ് തങ്ങളുടെ ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നതെന്നും, ക്രിസ്തുവിനുവേണ്ടി ജീവൻ ത്യജിക്കേണ്ടിവന്നാലും അതിനു തയ്യാറുള്ളവരാണ് പരിശീലനം നേടുന്നതെന്നും സുവിശേഷ പ്രവർത്തകർ അറിയിച്ചു.

ഉത്തരകൊറിയയിൽ നേരിടുവാൻ സാധ്യതയുള്ള എല്ലാ പ്രശ്നങ്ങളേയും മികച്ച രീതിയിൽ എങ്ങനെ കൈകാര്യം ചെയ്യാം എന്നതിനെ സംബന്ധിക്കുന്ന പരിശീലനവും മിഷനറിമാർക്ക് നൽകുന്നുണ്ടെന്നും ഇവർ വെളിപ്പെടുത്തിയിട്ടുണ്ട്. 'ഓപ്പൺ ഡോർ' എന്ന സംഘടനയുടെ കണക്കുകൾ പ്രകാരം ലോകത്ത് ഏറ്റവും കൂടുതൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്ന രാജ്യമാണ് ഉത്തരകൊറിയ. സ്വേച്ഛാധിപതിയായ കിം ജോംഗ് ഉന്നിന്റെ നേതൃത്വത്തിലുള്ള ഭരണത്തിൽ ക്രൈസ്തവരുടെ ജീവിതം തീവ്രമായ ദുരിതത്തിലാണെന്നും സംഘടന റിപ്പോർട്ടിൽ പറയുന്നുണ്ട്.

MATRIMONIAL

Pentecostal parents residing in the USA, prayerfully seeking a suitable life partner for their son who is 26 years old, 5'11''. He is baptized, spirit filled, church involved, having a degree in Biology and currently pursuing his MD studies. The girl must be born and brought up outside Kerala and raised in a good spiritual atmosphere. Nonmedical educational background is preferred. Please respond with a contact phone number as well as a full-size photo via email:
gospelechoescog@gmail.com

NRI Syrian Christian Pentecostal parents invite marriage proposal for their 26 year old Son, from professionally qualified girls of same faith from Central Travancore or abroad. He's done masters in Engineer and currently is employed in Australia 5'5'' tall and spiritual. Contact detail:
+965 60929041, 9745372717 (Nurses please excuse).

# ഐപിസി സ്റ്റേറ്റ് കൺവൻഷൻ കോട്ടയത്ത്

(1-ാം പേജ് തുടർച്ച)

ജോസഫ് കെ. കുര്യാക്കോസ് (കൺവീനർ), സാം കുര്യൻ, പാസ്റ്റർ ടിജോ ജോർജ്, പാസ്റ്റർ കെ.കെ. സക്കറിയ (ജോ. കൺവീനർമാർ).

**ഫുഡ്:** പാസ്റ്റർ ഏബ്രഹാം ജോർജ് ആലപ്പുഴ (ചെയർമാൻ), പാസ്റ്റർ സുനിൽ വേട്ടമല (വൈസ് ചെയർമാൻ), പാസ്റ്റർ എം.ജെ. ബേബി (കൺവീനർ), സഹോദരന്മാരായ ജെയിംസ് മാത്യു, ജോർജ് കെ. ജോർജ്ജ് (ജോ. കൺവീനർമാർ).

**പബ്ലിസിറ്റി:** പാസ്റ്റർമാരായ സണ്ണി ഏബ്രഹാം (ചെയർമാൻ), സാംകുട്ടി ചാക്കോ (വൈസ് ചെയർമാൻ), സിജിൻ വർഗീസ് (കൺവീനർ) പാസ്റ്റർ പി.വി.ഉമ്മൻ, സന്തോഷ് ആൻഡ്രൂസ്, വി.കെ. സാബു (ജോ. കൺവീനർമാർ)

**മീഡിയ:** സജി മത്തായി കാതേട്ട് (ചെയർമാൻ), വെസ്ലി പി. ഏബ്രഹാം ആലപ്പുഴ (വൈസ് ചെയർമാൻ), ഷെറിൻ ജേക്കബ് കാഹളം (കൺവീനർ), പീറ്റർ ജയിംസ്, സാംകുട്ടി കെ. തോമസ് (ജോ. കൺവീനർമാർ).

**ലൈറ്റ്& സൗണ്ട്:** തോമസ് ഫിന്നി (ചെയർമാൻ), ഷാജി വളഞ്ഞവട്ടം (വൈസ് ചെയർമാൻ), പാസ്റ്റർമാരായ ഷാജി പി. മാത്യു (കൺവീനർ), ഫിലിപ്പ് കുര്യാക്കോസ്, ഷാൻസ് ബേബി, എം.സി.ഏബ്രഹാം (ജോ. കൺവീനർമാർ).

**അക്കോമഡേഷൻ:** പാസ്റ്റർ ജോൺ റിച്ചാർഡ് (ചെയർമാൻ), ജോസ് ജോൺ (വൈസ് ചെയർമാൻ) പാസ്റ്റർമാരായ എം.സി. ഐപ്പ് (കൺവീനർ), ജയിംസ് കെ. തോമസ്, ഷിനോ ജോർജ് (ജോ. കൺവീനർമാർ).

**വിജിലൻസ് & പാർക്കിംഗ്:** പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാർ (ചെയർമാൻ), ബിനോയ് എക്കെല്ലൂർ (വൈസ് ചെയർമാൻ), ബെന്നി ആർപ്പൂക്കര (കൺവീനർ), പാസ്റ്റർമാരായ തോമസ് ജേക്കബ്, വർഗീസ് കോശി (ജോ.കൺവീനർമാർ)

**വോളണ്ടിയേഴ്സ്:** പാസ്റ്റർ ചാക്കോ ദേവസ്യാ (ചെയർമാൻ), പീറ്റർ മാത്യു കല്ലൂർ (വൈസ് ചെയർമാൻ), പാസ്റ്റർമാരായ പി.റ്റി. അലക്സാണ്ടർ (കൺവീനർ), കെ.കെ. ബാബു, സ്വാൻ വി. അച്ചൻകുഞ്ഞ് (ജോ.കൺവീനർമാർ).

**ട്രാൻസ്പോട്ടേഷൻ:** ബിജു രാമക്കൽമേട് (ചെയർമാൻ), പാസ്റ്റർ കെ.വൈ. ജോഷ്വാ (വൈസ് ചെയർമാൻ) പാസ്റ്റർ ടി.സി. കോശി (കൺവീനർ), ജോസ് എം. ജോർജ്, പി.പി. ജോൺ (ജോ. കൺവീനർമാർ)

**ഫൈനാൻസ്:** ജോയി താനവേലിൽ (ചെയർമാൻ), സണ്ണി പിറവം (വൈസ് ചെയർമാൻ), പാസ്റ്റർമാരായ സജി വി. ചെറിയാൻ, എബി പി. ജോർജ്, ബ്രദർ പി.എം ചെറിയാൻ (കൺവീനർമാർ)

**റിസപ്ഷൻ:** ബെന്നി പുള്ളോലിക്കൽ (ചെയർമാൻ), പാസ്റ്റർ സാംകുട്ടി കോഴാമല (വൈസ് ചെയർമാൻ) പാസ്റ്റർ ബിജു ഏബ്രഹാം (കൺവീനർ), മാത്യുകുട്ടി പി.ജെ. (ജോ. കൺവീനർ).

**കൗൺസിലിംഗ്:** പാസ്റ്റർമാരായ എബി പീറ്റർ, സന്തോഷ് തോമസ്, ഏബ്രഹാം തോമസ്. സഹോദരന്മാരായ സണ്ണി കുര്യാക്കോസ്, ടി.എം. കോര.

# ബിരുദദാന സമ്മേളനം

ഷാർജ: വർഷിപ്പ് സെന്റർ കോളജ് ഓഫ് തിയോളജി ബിരുദദാന സമ്മേളനം ജൂൺ 22നു വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ നടക്കും. അയാട്ട ഇന്റർനാഷണൽ ഡയറക്ടർ റവ. ഡോ. സ്റ്റാലിൻ കെ. തോമസ്, റവ. ഡോ. ജെയിംസ് ആൻഡ്രൂ വിൽസൺ എന്നിവർ മുഖ്യ അതിഥികൾ ആയിരിക്കും. കോളജ് ഡയറക്ടർ റവ. ഡോ. വിൽസൺ ജോസഫ് അധ്യക്ഷത വഹിക്കും. രെജിസ്ട്രാർ റവ. റോയ് ജോർജ്, ഹെഡ് ഓഫ് ദി ഫാക്കല്റ്റി റവ. സൈമൺ ചാക്കോ, ഡീൻ റവ. ടൈറ്റസ് ജോൺസൻ, അഡ്മിനിസ്ട്രേറ്റർ ബ്രദർ ഏബ്രഹം വർഗീസ് എന്നിവർ നേതൃത്വം നൽകും. വർഷിപ്പ് സെന്റർ ബൈബിൾ കോളജ് ക്വയർ ഗാനശുശ്രൂഷ നിർവഹിക്കും. 'സർവസവും ദൗത്യത്തിനായി' എന്നതാണ് ചിന്താവിഷയം.

+2 കഴിഞ്ഞ സ്കൂൾ വിദ്യാർഥികൾക്കായി നടന്നുവരുന്ന ജൂനിയർ കോളേജ്, വർഷിപ്പ് സെന്റർ കോളേജ് ഓഫ് തിയോളജി ഷാർജ, അൽഐൻ എന്നിവിടങ്ങളിൽനിന്നും പഠനം പൂർത്തിയാക്കിയ മുപ്പതോളം വിദ്യാർഥികൾ ബിരുദങ്ങൾ ഏറ്റുവാങ്ങും. പുതിയ അധ്യയനവർഷത്തേക്കുള്ള ക്ലാസ്സുകൾ ജൂൺ 28 ബുധനാഴ്ച ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0504814789, 0504993954 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

VISITING VISA

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്ക്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.

GLOBAL CARE
Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcarecalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281



THUSHARA
Tiles & Granites
Near old Fire Station, Arumurikkada, Kundra

Spaniso, Vrundavan, Nenno, Johnson,
Somany, Kajaria, Marbonite, Nitco,
Asain, City, Sonora, Marbito തുടങ്ങിയ
കമ്പനികളുടെ authorised dealer.

വെർട്ടിഫൈഡ് ടൈലുകളുടെ വൻശേഖരം

ഹോൾസെയിൽ വിലയ്ക്കു ലഭിക്കുന്ന
ഒരു വിശ്വസ്ത സ്ഥാപനം

Phone Shope: 0474-2580191, 9249121338
O.P. Xavier 9562972336, Nishandh 9846832956,
Anikkuttan 9847684821







ചാക്കോ കെ. തോമസ ജേക്കബ് ഫിലിപ്പ് ബിനു മാത്യു ജോസഫ് ജോൺ ബെൻസൺ ചാക്കോ

# ബിസിപിഎ: ചാക്കോ കെ. തോമസ് പ്രസിഡന്റ്

**ബെംഗളൂരു:** കർണാടകയിലെ ക്രിസ്തീയ പത്രപ്രവർത്തകരുടെ സംഘടനയായ ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷൻ (ബിസിപിഎ) പ്രസിഡന്റായി ഗുഡ്ന്യൂസ് വാരിക സ്റ്റേറ്റ് ചീഫ് റിപ്പോർട്ടർ ചാക്കോ കെ. തോമസിനെയും സെക്രട്ടറിയായി ഹാലേലൂയ്യാ ദ്വൈവാരിക ബാംഗ്ലൂർ ലേഖകനും സുവിശേഷകനുമായ ജേക്കബ് ഫിലിപ്പിനെയും വീണ്ടും തിരഞ്ഞെടുത്തു. പാസ്റ്റർ ജോസഫ് ജോൺ (വൈസ് പ്രസിഡന്റ്), ബെൻസൺ ചാക്കോ (ജോ. സെക്രട്ടറി), ബിനു മാത്യു (ട്രഷറർ) എന്നിവരാണു മറ്റു ഭാരവാഹികൾ. വിവിധ ക്രൈസ്തവപത്രങ്ങളിൽ നിന്നു 10 അംഗങ്ങളെ എക്സിക്യൂട്ടീവ് അംഗങ്ങളെയും തിരഞ്ഞെടുത്തു. ജിസിഐസി ദേശീയ പ്രസിഡന്റ് ഡോ. സാജൻ കെ. ജോർജ് രക്ഷാധികാരിയാണ്. പാസ്റ്റർമാരായ ജോസ് മാത്യു, ബിജു ജോൺ എന്നിവർ തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി.



## പ്രകാശനംചെയ്തു

തിരുവനന്തപുരം: പാസ്റ്റർ ടി.എം. തോമസ് എഴുതിയ 'മരുഭൂമിയിൽ മണമുള്ള പുഷ്പങ്ങൾ' എന്ന ക്രിസ്തീയ നോവൽ അസംബ്ലീസ് ഓഫ് ഗോഡ് തിരുവനന്തപുരം വെസ്റ്റ് സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ രഞ്ചിത്ത് തമ്പി ഏ.ജി. മലയാളം ഡിസ്ട്രിക്ട് സി.എ. പ്രസിഡന്റ് പാസ്റ്റർ റോയ്സൻ ജോണിക്കു നൽകി പ്രകാശനം ചെയ്തു.






കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

# അസുരമണ്ഡലം

എന്റെ സ്നേഹിതൻ മോൻസി നിരണം (ഷാർജ) രാവിലെ തന്നെ ഫോൺവിളിച്ചു പറഞ്ഞു: "ജോയ് ഭായ് കേരളത്തിലുണ്ടെങ്കിൽ നമുക്ക് ഒരു സ്ഥലംവരെ പോകണം; ആയൂരിനടുത്ത് ഒരു കോളനിയിൽ പാവപ്പെട്ട കുറെകുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകാനാണ്. അവിടെ ക്രമീകരിക്കപ്പെട്ടിട്ടുള്ള പൊതുയോഗത്തിൽ പ്രസംഗിക്കയുംവേണം. ഞാറാഴ്ച ഉച്ചയ്ക്ക് രണ്ടുമണിക്ക് അവിടെയെത്തണം." ഞാനാണെങ്കിൽ ശനിയാഴ്ച രാത്രി പതിനൊന്നുവരെ ഇടുക്കിയിലെ രാജാക്കാട്ടിലും. ഏതായാലും രാത്രിതന്നെ വണ്ടിയോടിച്ച് രാവിലെ മൂന്നുമണിയായപ്പോൾ സ്വദേശമായ നെടുംകുന്നത്തെത്തി. അവിടെനിന്നു രാവില സഭായോഗം മുടക്കി ആയൂരിലേക്കു യാത്ര. ചെങ്ങന്നൂരിൽ നിന്നും മോൻസിനിരണവും കുടുംബവും ...ഞങ്ങൾ രണ്ടുകുടുംബങ്ങളും ഇരുവാഹനങ്ങളിലായി ആയൂരിലേക്കു യാത്രതുടർന്നു.

ആയൂരിനടുത്ത് ഹൈവേയിൽനിന്നു ദൂരെമാറി ഒരു ഉൾഗ്രാമമാണ് 'അസുരമണ്ഡലം'. ആ പേര് എനിക്കു നന്നേ ബോധിച്ചു. പേരുപോലെതന്നെ പ്രത്യേകതയുള്ളതായിരുന്നു ആ നാട്. ഒരു അസുരമണ്ഡലം തന്നെ. ഒരു ഉൾനാടൻ ഗ്രാമം. സാധാരണക്കാരിലും സാധാരണക്കാരായ കുറെ ഗ്രാമീണർ. കുന്നുകളും മലകളും താഴ്വരകളുംകൊണ്ടു നിറഞ്ഞ പ്രകൃതിരമണീയമല്ലാത്ത ഒരു നാട്. തലയെടുപ്പുള്ള കെട്ടിടങ്ങൾ ഒന്നും അവിടെയില്ല. പട്ടിണിപ്പാവങ്ങളായ കുറെ ഇരുണ്ട ജനസമൂഹങ്ങൾ.

സുവിശേഷത്തിന്റെ വെളിച്ചം അവിടെ പണ്ടേ കടന്നുചെന്നിട്ടുണ്ട്. പക്ഷേ, വേണ്ടത്ര പുരോഗമനം പ്രാപിക്കാത്ത നാട്. സഭകൾ ശുഷ്കിച്ച് ഉണങ്ങിയ അവസ്ഥ. എന്റെയും മോൻസിയുടെയും സ്നേഹിതനായ പാസ്റ്റർ ജോൺസൻ കുടുംബമായി അവിടെ സുവിശേഷവേല ചെയ്യുന്നു. കർത്താവിൽ പ്രസിദ്ധനായ സുവിശേഷകൻ ലോഡിഗ് പാപ്പച്ചായന്റെ മകൾ ബിൻസിയാണ് ജോൺസൻ പാസ്റ്ററുടെ ഭാര്യ. സുവിശേഷത്തിന്റെ വ്യാപ്തിക്കുവേണ്ടി പുതിയ സാധ്യതകൾ തേടുന്ന അന്ത്രയൊസിന്റെ കണ്ണുകൾ അവർക്കുണ്ട്. അവരുടെ കണ്ണുകൾ സാധ്യതകളുള്ള കുറേ കൊച്ചു ബാലകരുടെ കൂട്ടത്തെ കണ്ടു. അവരുടെ കഴിവുകൾ നല്ലകാര്യങ്ങൾക്കുവേണ്ടി തിരിച്ചുവിടാൻ ശ്രദ്ധിച്ചു. ഏതായാലും സുവിശേഷത്തോട് ആഭിമുഖ്യം കാണിക്കാത്തവരുടെ നാട്ടിൽ ചെറിയതോതിൽ ഒരു ചിൽഡ്രൻസ് ക്ലബ് ആരംഭിച്ചു. ഏഴുകുട്ടികളുമായി ആരംഭിച്ച ക്ലബിൽ ഇപ്പോൾ ഇരുനൂറ്റമ്പതു കുട്ടികൾ അംഗത്വമെടുത്തു. കഴിഞ്ഞ ഒരുവർഷംകൊണ്ട് പ്രവർത്തനം വിപുലമായി. ക്രിസ്ത്യാനികൾ അല്ലാത്ത കുട്ടികൾ യേശുവിനെ അറിഞ്ഞു. ബൈബിൾ അടിസ്ഥാനപ്പെടുത്തിയുള്ള കലാപരിപാടികൾ ക്രിസ്തീയപാട്ടുകൾ പാടി, അവരുടെ പഠനകാര്യങ്ങളിൽ ശ്രദ്ധിച്ചു, സാമൂഹികാവബോധം നൽകി, അസുരമണ്ഡലത്തിൽ സുവിശേഷത്തിന്റെ ദീപശിഖ കത്തിക്കാൻ അല്പം സാമൂഹികസേവനം അനിവാര്യമായിരുന്നു. കുട്ടികൾ അവരുടെ മാതാപിതാക്കളെക്കൂടി മീറ്റിംഗിനു കൊണ്ടുവന്നു. അവരും സുവിശേഷം കേട്ടു.

> 'ഈ ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യാതിരിക്കുന്നത് എനിക്കാകുന്നു ചെയ്യാതിരിക്കുന്നത്' എന്ന യേശുക്രിസ്തുവിന്റെ വചനത്തിനു ഈ കാലഘട്ടത്തിലും പ്രസക്തിയേറുന്നു.

ആരാലും ശ്രദ്ധിക്കപ്പെടാത്ത കഴിവുള്ള നൂറുകണക്കിനു കുട്ടികളെ സമൂഹത്തിന്റെ മുൻനിരയിലേക്കു കൊണ്ടുവരാനും മറ്റും പാസ്റ്റർ ജോൺസനും കുടുംബവും കാണിച്ച ദർശനം പ്രശംസിക്കപ്പെടേണ്ടതാണ്. 'ഞങ്ങളുടെ അസുരമണ്ഡലത്തിന്റെ മുഖച്ഛായമാറ്റാൻ കഴിഞ്ഞ' ഈ സുവിശേഷദമ്പതികൾക്ക് ആശംസയറിയിച്ച ഒരു ചെറുപ്പക്കാരൻ ഈ വർഷം എംബിബിഎസിനു ചേർന്നു എന്നതും ഈ ക്ലബിനു അഭിമാനിക്കാൻ വകയുണ്ട്.

അസുരമണ്ഡലത്തെക്കുറിച്ച് ഈ മാസം കാഴ്ചയ്ക്കപ്പുറത്ത് എഴുതാൻ കാരണം മറ്റൊന്നാണ്, നമ്മുടെ പല സഭകൾ 'കുറെ ഉണങ്ങിയ വിശ്വാസികളെ'ക്കൊണ്ട് ഇരിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. സാമൂഹികപ്രതിബദ്ധത പലപ്പോഴും നമുക്കില്ലാതെ പോകുന്നു. നമ്മുടെ കൺമുൻപിലുള്ള സാധ്യതകളെ നാം കാണാതിരിക്കുന്നു. അതോ അവഗണിക്കുന്നോ? സാധ്യതകൾ നമുക്കു ചുറ്റുമുണ്ട്. കാണാൻ കണ്ണുകൾ തുറക്കണമെന്നും മാത്രം.

ഫിലിപ്പൊസ് ഇരുനൂറുപണത്തിനു തികയാത്ത അപ്പത്തിന്റെ കണക്കുകൾ പറയുമ്പോൾ അന്ത്രയൊസിന്റെ കണ്ണുകൾ അഞ്ചപ്പവും രണ്ടു മീനും കൈയിലുള്ള ബലത്തോടെ വലിയ സാധ്യതകൾ കാണുകയായിരുന്നു.

'ഈ ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യാതിരിക്കുന്നത് എനിക്കാകുന്നു ചെയ്യാതിരിക്കുന്നത്' എന്ന യേശുക്രിസ്തുവിന്റെ വചനത്തിനു ഈ കാലഘട്ടത്തിലും പ്രസക്തിയേറുന്നു. കണ്ണുതുറന്ന് ചുറ്റും നോക്കൂ.... സാധ്യതകൾ നമുക്കുചുറ്റുമുണ്ട്...

# CHRISTIAN WORLD

Address
Christian World, Alummoodu
P.O., Kollam - 691 577, Kerala
Email: christianworld2006@gmail.com
REG.NO:KERMAL/2006/17464

POSTAL REG. NO. KL/QN/341/2015-2017
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില  10/- Vol: 12 Issue No: 6 2017 JUNE 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ


**വാർത്തയ്ക്കപ്പുറം**

**ഷിബു മുള്ളംകാട്ടിൽ**

# മന്ത്രിക്കാര് മണികെട്ടും?

മുണ്ടക്കൽ മാധവൻ മണി, പിണറായി സർക്കാരിനു വീണ്ടും തലവേദനയാകുന്നു! വിവാദങ്ങളുടെ തോഴനായ മന്ത്രി എം.എം. മണിക്കു മണികെട്ടാൻ പാർട്ടി ഒടുവിൽ 'പരസ്യശാസന'പുറപ്പെടുവിച്ചു. സംസ്ഥാന വൈദ്യുതിമന്ത്രിക്ക് ഈ ഷോക്ക് ട്രീറ്റുമെന്റും ഫലിച്ചെന്നു തോന്നുന്നില്ല. ഗ്രാമീണനായ തനിക്ക് ഇങ്ങനെയൊക്കെ മാത്രമേ സംസാരിക്കാൻ അറിയുകയുള്ളൂ എന്നാണു മണിഭാഷ്യം.

കുപ്രസിദ്ധമമായ മണക്കാട് 'വൺടുത്രീ' കൊലവെറി പ്രസംഗത്തിന്റെ പേരിൽ അഞ്ചുവർഷംമുമ്പ് എം.എം. മണി ജയിൽവാസം വരെ അനുഭവിച്ചു. മണിമൊഴി അവിടെ തീർന്നില്ല; അടിമാലിയിലും കുമളിയിലും ചെറുതോണിയിലും മണിയാശാൻ തീതുപ്പി. ഒടുവിലിതാ പെമ്പിളൈ ഒരുമൈ പ്രവർത്തകരെ അവഹേളിച്ചു എന്നപേരിൽ നാടാകെ പ്രതിഷേധം ഇരമ്പി. മന്ത്രിയുടെ രാജിക്കായി പ്രതിപക്ഷപാർട്ടികൾ മുറവിളി നടത്തിയെങ്കിലും മണിക്ക് കുലുക്കമേയില്ല.

ത്യാഗനിർഭരമായ വഴിയിലൂടെ സഞ്ചരിച്ച് ഉന്നതിയിലെത്തിയ സാധാരണക്കാരനാണ് മന്ത്രി എം.എം. മണി. അതുകൊണ്ടുതന്നെ ആകാം വിദ്യാസമ്പന്നരായ പലരെയും മറികടന്ന് മന്ത്രിപദത്തിലെത്തിയത്. പക്ഷെ, ഒരുകാര്യം ബഹുമാനപ്പെട്ട മന്ത്രി വിസ്മരിക്കരുത്. ഉടുമ്പൻചോലയിലെ ഒരു ഗ്രാമീണൻ എന്നതിലപ്പുറം സാക്ഷരകേരളത്തിനു വെളിച്ചം പകരേണ്ട പ്രധാന ഭരണാധികാരികൂടിയാണ് താങ്കൾ. ഇത്തരം ദ്വയാർഥപ്രയോഗങ്ങൾ മണിമൊഴിയായി വരാതെ



നാവിനു കടിഞ്ഞാണിടാൻ കഴിയണം. അല്ലെങ്കിൽ തലകുനിക്കുന്നത് സാംസ്കാരികകേരളമാണെന്നു മറന്നുപോകരുത്.

നമ്മുടെയിടയിലും മണിയാശാന്മാർ ഏറെയുണ്ട്. നാവിനു ബെല്ലും ബ്രേക്കുമില്ലാതെ എന്തും വിളിച്ചുകൂവുന്നവർ. ആത്മീയവേദികളിലും ദ്വയാർഥപ്രയോഗങ്ങൾക്കു കുറവില്ല. നിർമലസുവിശേഷം പ്രസംഗിക്കേണ്ട വേദികൾ മലീമസമാക്കുന്ന ഇക്കൂട്ടരെ നാം തിരിച്ചറിയണം. യോഗശേഷം എന്താണു പ്രസംഗിച്ച വിഷയമെന്നു ഒരു ശ്രോതാവിനോടു ചോദിച്ചപ്പോൾ, 'ചിരിച്ചു ചിരിച്ചു മണ്ണുതപ്പി' എന്ന പ്രതികരണമാണു ലഭിച്ചത്. സുവിശേഷത്തിന്റെ മറവിലുള്ള ഇത്തരം കോമാളിത്തരങ്ങൾ കണ്ടുംകേട്ടും നമ്മുടെ യേശുനാഥൻ വിലപിക്കുന്നുണ്ടാകാം!

സഹോദരങ്ങളെ തേജോവധം ചെയ്യുന്ന ഭാഷാശൈലി ചിലർക്ക് ഒരു ഹോബിയാണ്. സമൂഹമാധ്യമങ്ങളിൽക്കൂടി വ്യക്തിഹത്യവും അപവാദപ്രചരണവും വർധിച്ചിരിക്കുന്നു. അസഭ്യംവിളിച്ചുപറയാനുള്ള വേദിയാക്കി ചിലർ സമൂഹമാധ്യമങ്ങളെ ദുർവിനിയോഗംചെയ്യുന്നു. "വായുടെ വക്രത നിങ്കൽനിന്നു നീക്കിക്കളക. അധരങ്ങളുടെ വികടം നിങ്കൽനിന്ന് അകറ്റുക" (സദൃ. 3: 24).

നാം ക്രിസ്തുവിന്റെ പത്രങ്ങളാണ്. നമ്മിലൂടെ വായിക്കപ്പെടേണ്ടത് ക്രിസ്തുയേശുവിലുള്ള ഭാവമാണ്. നമുക്കു മധുരമാകേണ്ടത് തിരുവചനമാണ്. ക്രിസ്തുമൊഴികൾ നമ്മുടെ ഹൃദയത്തിൽ ഉറവപൊട്ടണം. മറ്റുള്ളവരെ ഇകഴ്ത്തി സംസാരിക്കുമ്പോൾ ഒരു യാഥാർഥ്യം വിളിച്ചുപറയുന്നു: നാം ക്രിസ്തുവിൽനിന്നും വളരെ വിദൂരത്താണ്. "ഹൃദയം നിറഞ്ഞുകവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത്. നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽനിന്നു നല്ലതു പുറപ്പെടുവിക്കുന്നു. ദുഷ്ടമനുഷ്യൻ ദുർനിക്ഷേപത്തിൽ നിന്നു തീയതും പുറപ്പെടുവിക്കുന്നു." (മത്താ.12: 34,35).







Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode